# സന്നിധിയിൽ



ജോസ് പാലാട്ടി

malankaralibrary.com

ജോസ് പാലാട്ടി

# സന്നിധിയിൽ

പരിഷ്ക്കരിച്ച

ആറാം പതിപ്പ്

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

Malayalam
SANNIDHIYIL
(Prayers)

Author :
Jos Palatty C.M.I., M.A.

First Published: March 1985

2nd Impression: October 1985

3rd Impression: May 1986

4th Impression: January 1987

5th Impression: September 1988

6th Improved Edition: November 1991

Copies: 5000

Price Rs. 4.50

Printed at: L. F. Industrial Press,
Thevara, Kochi - 682013

Published by the Author

Cover : Joy Elamkunnapuzha

malankaralibrary.com

# കവറിൽ

പ്രതീകങ്ങളിലൂടെ
പ്രാത്ഥനകളിലൂടെ

അനന്തതയിലെ
ആദിരൂപങ്ങളേ,
ആലാപങ്ങളേ,
ആഘോഷങ്ങളേ...

ആദിമൂലങ്ങളുടെ
ഈ ചതുർക്കോണത്തിൽ
നിൻ കാല്പാടുകളിൽ
എൻ പാദങ്ങളും
പതിയട്ടെ!

മൊട്ടായ് ജനിച്ച്, വിടന്നു വികസിച്ച്,
കൊഴിഞ്ഞ്,
ലയിക്കാൻ...

malankaralibrary.com

## ഗ്രന്ഥകർത്താവിൻെറ കൃതികൾ

ബൈബിളും കൂടുതൽ വെളിച്ചം

ക്രിസ്തീയത പ്രയോഗത്തിൽ

ഇന്നത്തെ പ്രവാചകന്മാർ

സ്ത്രീപൗരോഹിത്യം ക്രിസ്തു നിഷേധിച്ചുവോ? (വിവ.)

കരിസ്മാററിക്ക് വരങ്ങൾ (മൂന്നു പതിപ്പുകൾ)

വിശ്വാസവളർച്ച (മൂന്നു പതിപ്പുകൾ) (വിവ.)

യേശു പാവങ്ങളുടെ പക്ഷത്ത്

കരിസ്മാററിക്ക് നവീകരണം

ക്രിസ്തീയ കുടുംബജീവിതം

കരിസ്മാററിക്ക് ആദ്ധ്യാത്മികതയിൽ (വിവ.)
(മൂന്നു പതിപ്പുകൾ)

കരിസ്മാററിക്ക് നവീകരണം
അലകും പിടിയും (രണ്ടു പതിപ്പുകൾ)

സന്നിധിയിൽ (ആറു പതിപ്പുകൾ)

malankaralibrary.com

# ആമുഖം

ഇതൊരു പ്രാർത്ഥനാമഞ്ജരിയാണ്. യേശുവിന്റെ സ്നേഹാന്വിത സന്നിധിയിൽ മനുഷ്യാത്മാവു നടത്തുന്ന പ്രാർത്ഥനാപ്രകരണങ്ങളാം. യേശുവിൽ ലയിച്ചുചേരാനുള്ള മനുഷ്യന്റെ അഭിലാഷങ്ങളും അവിടുത്തേക്കൊണ്ടു നിറയാനുള്ള ദാഹവും ആദ്യന്തം പ്രകടമാണീപ്രാർത്ഥനകളിൽ. യേശുവിന്റെ വ്യക്തിത്വത്തിന്റെ നാനാവിധ പ്രകാശനങ്ങളെ ഇവയിൽ ദർശിക്കാം.

ഒരിക്കൽ അഭിവന്ദ്യ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ ഒരു പുസ്തകം സമ്മാനമായിത്തന്നു—Prayers to the Sacred Heart of Jesus. എന്നെ വളരെ ആകർഷിച്ച ഒരു പുസ്തകം. പിന്നീടു് എന്റെ വ്യക്തിപരമായ പ്രാർത്ഥനയ്ക്കു് അതു പലപ്പോഴും ഞാൻ ഉപയോഗിച്ചിട്ടുണ്ടു്. ഞാൻ പ്രാർത്ഥിക്കാൻ ആഗ്രഹിച്ച രീതിയും പ്രാർത്ഥനയിൽ വരുത്താൻ ആഗ്രഹിച്ച പലകാര്യങ്ങളും ഇതിൽ കണ്ടതുകൊണ്ടു് ഇതെന്നെ വളരെ ആകർഷിച്ചുവെന്നു് പറയട്ടെ.

ഇതിന്റെ മൂലകൃതി ഫ്രഞ്ചിലാണു്. പിന്നീടു് ജർമ്മൻ ഭാഷയിൽ പരിഭാഷയുണ്ടായി. തുടർന്നു് ഇംഗ്ലീഷിലും മററു പല ലോകഭാഷകളിലും! ചുരുങ്ങിയ കാലംകൊണ്ടു് ലക്ഷക്കണക്കിനു് കൃതികൾ വിവിധ ഭാഷകളിൽ പ്രചരിച്ചിട്ടുണ്ടു്.

malankaralibrary.com

'സന്നിധിയിൽ' കുറെച്ചൊക്കെ സ്വതന്ത്ര പരിഭാഷയാണ്. പ്രാർത്ഥനയായതുകൊണ്ട് ആ സ്വാതന്ത്ര്യം എടുത്തു. ഇതിൻെറ ഭാഷ പരിശോധിച്ച് സഹായിച്ചതു് റവ. സിസ്റ്റർ ജെറെമി എസ്.ഡി., എം.എ. യും (ലക്ചർ, വിമലാകോളേജ്, തൃശ്ശൂർ) പ്രൊഫ. ഉലകംതറയും ആണ്. മററു പരിശോധനകളും നിർദ്ദേശങ്ങളും നല്കിയതു് റവ. ഡോക്ടർ കനീഷ്യസ് സി.എം.ഐ. യും. മൂവർക്കും നന്ദി.

നവീകരണ ധ്യാനങ്ങളിലൂടെ പ്രാർത്ഥനാനുഭവങ്ങളിലേക്കു വന്നിട്ടുള്ള അനേക അല്മായ സഹോദരങ്ങൾക്കും സന്യാസപൗരോഹിത്യ പരിശീലനത്തിൽപ്പെട്ടവർക്കും പരിശീലകർക്കും ഈ ഗ്രന്ഥം വളരെയേറെ സഹായകമായിട്ടുണ്ട്. ദേവാലയാരാധന വേളകളിൽ പലേടത്തും ഇതു് ഉപയോഗിക്കുന്നുണ്ട്.

യേശുവിൻെറ സന്നിധിയിലേക്കും പ്രാർത്ഥനാനുഭവത്തിലേക്കും എല്ലാവർക്കും സ്വാഗതം!

കർത്താവിനു സ്തുതി.

ഫാ. ജോസ് പാലാട്ടി സി.എം.ഐ.

malankaralibrary.com

# ഹൃദയത്തിൻെറ സ്പന്ദനങ്ങൾ

## ഒന്ന്: നിത്യസ്നേഹത്തിൻെറ ഉറവിടം


എന്നും സ്നേഹിക്കുന്ന ഹൃദയം ... 9
സ്നേഹത്തിൻെറ പ്രകാശനം ... 10
ജീവിതകേന്ദ്രം ... 11
സമ്പൂർണ്ണ സമർപ്പണം ... 12
നാഥാ, സ്വീകരിച്ചാലും ... 13
ആഹ്ലാദം നിറഞ്ഞ അനുയാത്ര ... 15
പ്രചോദകരമായ മാതൃക ... 16
സൗഹൃദത്തിൻെറ പൂർണ്ണത ... 17


## രണ്ട്: പ്രകാശകേന്ദ്രം


വെളിച്ചത്തിന്നുറവിടം ... 20
നല്ല ഇടയൻ ... 21
സ്നേഹത്തിനായുള്ള ദാഹം ... 22
സർവ്വശക്തമായ സ്നേഹം ... 23
അചഞ്ചലമായ വിശ്വസ്തത ... 25
അക്ഷയമായ സ്നേഹം ... 26


## മൂന്ന്: കരുണാർദ്രമായ ഹൃദയം


ദീർഘശാന്തതയും ക്ഷമയും ... 27
ദയയും സഹതാപവും ... 28
ആദരവും ശാലീനതയും ... 29
വിനയവും ആത്മാർത്ഥതയും ... 30
സന്നദ്ധതയും സേവനവും ... 31


malankaralibrary.com

## നാല്: യഥാർത്ഥ സ്നേഹത്തിൻെറ ആവിഷ്കാരം


പിതാവിനുള്ള സമപ്പ്ണം ... 33
കാരുണ്യത്തിൻെറ മാറൊലി ... 34
മാതൃസ്നേഹത്തിൻെറ തീക്ഷ്ണത ... 36
ഔദാര്യവും വിശാലമനസ്കതയും ... 37
ജീവിതസമരത്തിൽ ധീരത ... 38
രക്ഷാകരമായ സഹനം ... 39


## അഞ്ച്: കാരുണ്യത്തിൻെറ തികവ്


സഹനത്തിൽ പങ്കുചേരുക ... 41
പരിഹാരം ... 42
പാപികളോടുള്ള സഹാനുഭൂതി ... 43
പിളക്കപ്പെട്ട ഹൃദയം ... 44
സർവ്വാശ്ലേഷിയായ സ്നേഹം ... 46


## ആറ്: സ്നേഹം ഐക്യത്തിൻെറ ശൃംഖല


നിറഞ്ഞ തീക്ഷ്ണത ... 47
ആനന്ദനിർവൃതി ... 48
സമാധാനം ... 49
കൃതജ്ഞത ... 51
പരി. മറിയത്തിൻെറ വിശേഷോത്തര പ്രാത്ഥന ... 52
കരുണക്കുവേണ്ടിയുള്ള പ്രാത്ഥന ... 54
ആറാം പതിപ്പ് ... 55


malankaralibrary.com

# നിത്യസ്നേഹത്തിന്റെ ഉറവിടം

## എന്നും സ്നേഹിക്കുന്ന ഹൃദയം

യേശുനാഥാ,

ഈ ലോകത്തിലെ എന്റെ തീർത്ഥാടനത്തിൽ അങ്ങു മാത്രമായിരിക്കട്ടെ എന്റെ ലക്ഷ്യം. എന്റെ തീക്ഷ്ണമായ ആഗ്രഹത്തിന്റെ എല്ലാ ശക്തിയോടുംകൂടി അങ്ങിൽ ഞാൻ ആശ്രയിക്കട്ടെ. അങ്ങയുടെ ഹൃദയത്തിന്റെ അഗാധ തലങ്ങളിലേയ്ക്ക് ഞാൻ ആണ്ടിറങ്ങട്ടെ.

അങ്ങിലൂടെ ശ്വസിക്കുകയും അങ്ങയുടെ സ്നേഹത്തിന്റെ നിശ്വസനത്തിൽ ഞാൻ ജീവിക്കുകയും ചെയ്യട്ടെ.

വേദനിപ്പിക്കുന്ന സാഹചര്യങ്ങളിൽനിന്നും ക്ലേശങ്ങളിൽനിന്നും ഒഴിഞ്ഞുമാറാതെ അങ്ങേയ്ക്കുവേണ്ടി, അങ്ങയോടൊത്ത് ഞാൻ അദ്ധ്വാനിക്കട്ടെ.

പരിപൂർണമായ വിശ്വാസത്തോടും പ്രത്യാശയോടുംകൂടി അങ്ങിൽ ഞാൻ വിശ്രമിക്കട്ടെ. അങ്ങയുടെ നിത്യമായ സ്നേഹത്തിലും അറുതി വരാത്ത സൗഹൃദത്തിലും ഞാൻ വിലയം കൊള്ളട്ടെ.



malankaralibrary.com

അങ്ങിൽനിന്നും തുകരുന്ന കരുണാർദ്രമായ സ്നേഹവും തീഷ്ണതയും മററുള്ളവരിലേയ്ക്കും ഞാൻ പ്രസരിപ്പിക്കട്ടെ.

അങ്ങയുടെ സ്നേഹത്തിൽ ഗാഢമായി ഉറച്ച് നിത്യം നിത്യം ഞാൻ അങ്ങിൽ മാത്രം വസിക്കട്ടെ.

## സ്നേഹത്തിൻെറ പ്രകാശനം

പിതാവായ ദൈവത്തിൻെറ സ്നേഹം ഞങ്ങൾക്ക വെളിപ്പെടുത്തുന്നതിനായി യേശുവേ, അങ്ങ് ഈ ഭൂമിയിൽ അവതരിച്ചു. അങ്ങേയ്ക്കു സ്തുതി. അങ്ങയുടെ ജീവിതത്തിൻെറ എല്ലാ തലങ്ങളേയുംനയിച്ച ആ പിതൃസ്നേഹം വി. ഗ്രന്ഥത്തിൽനിന്നും അനുഭവിച്ചറിയുവാൻ എന്നെ അനുഗ്രഹിക്കണമെ.

നാഥാ,

അങ്ങയുടെ അമൂല്യമായ വചനത്തിൻേറയും രക്ഷാകര പ്രവൃത്തിയുടെയും ആന്തരാർത്ഥം എനിക്ക പകർന്നുതരു. അങ്ങയെ ഗുരുവും നല്ല ഇടയനുമാക്കിയ ആ സ്നേഹത്തിൻെറ ആഴം ഞാനും ഗ്രഹിക്കുവാനിടയാകട്ടെ.

അങ്ങയുടെ വ്യക്തി പ്രഭാവത്തിൻെറ രഹസ്യാത്മകത എനിക്ക തുറന്നുതരണമെ. അങ്ങയുടെ ഹൃദയത്തിലേയ്ക്ക്, സ്നേഹത്താൽ ജ്വലിക്കുന്ന ആ ശ്രീകോവിലിലേക്ക്, ഞാൻ കടന്നുവരട്ടെ.

അങ്ങയുടെ സത്തയിലും ജീവിതത്തിലും പ്രസരിക്കുന്ന ദിവ്യസ്നേഹം വി. ഗ്രന്ഥം എനിക്ക വെളിപ്പെടുത്തിത്തരുന്നു. ആ സത്യം മനസ്സിലാക്കുവാനും നിരന്തര സാന്നിദ്ധ്യ



malankaralibrary.com

ത്തിലൂടെയും ദിവ്യദാനങ്ങളിലൂടെയും അങ്ങ് എന്നിൽ ചൊരിയുന്ന സ്നേഹം അനുഭവിച്ചറിയുവാനും എനിക്കിടയാകണമെ.

അങ്ങയേയും എന്നേയും കണ്ടെത്തുവാൻ എന്നെ സഹായിക്കുന്ന പരിശുദ്ധാത്മാവിനാൽ പ്രകാശിതനായി, അങ്ങേ സ്നേഹത്തിൽ ഗാഢമായി വിശ്വസിക്കുവാൻ എന്നെ അനുഗ്രഹിക്കണമെ.

ഞാൻ പൂർണ്ണമായും അങ്ങയുടേതാകട്ടെ. അങ്ങിൽ ആശ്രയിക്കുകയും വിലയംകൊള്ളുകയും ചെയ്യട്ടെ.

## ജീവിതകേന്ദ്രം

കർത്താവായ യേശുവേ,

അങ്ങയുടെ സ്നേഹം എല്ലാ മാനുഷിക ധാരണകളേയും അതിശയിക്കുന്നതാകുന്നു. അങ്ങയുടെ ദൈവികസ്നേഹത്തെ ഗ്രഹിക്കാൻ ആവശ്യമായ ഉൾക്കാഴ്ച എനിക്കു നല്കണമെ. ആ ദിവ്യസ്നേഹത്തെ ഞാൻ പലപ്പോഴും സംശയിച്ചിട്ടുണ്ട്. എന്റെ നയനങ്ങൾ നശ്വരവും ദൃശ്യവുമായ ഈ ലോക കാര്യങ്ങളിലാണ് ഊന്നിനില്ക്കുന്നത്. അവിശ്വസനീയമെന്നു തോന്നുന്ന ദൈവികകാര്യങ്ങളെ വിശ്വസിക്കുവാനുള്ള ആന്തരിക ദർശനം എനിക്കു പ്രദാനം ചെയ്യണമെ.

അങ്ങയുടെ ആരാധ്യമായ ഹൃദയത്തിൽനിന്നും പുറപ്പെടുന്ന പ്രഭാരശ്മികൾ എന്റെ കണ്ണുകളിൽ പതിച്ച് പ്രപഞ്ചത്തിന്റെ അത്യന്തികലക്ഷ്യം ഗ്രഹിക്കുവാനും അവയിലുൾക്കൊള്ളുന്ന പരിപാലനാരഹസ്യം മനസ്സിലാക്കുവാനും എനിക്കിടയാകട്ടെ.



malankaralibrary.com

എല്ലാററിനേയും സമന്വയിപ്പിച്ച് സ്നേഹത്തിൽ ഒന്നിപ്പിക്കുന്ന അങ്ങയുടെ സ്നേഹാതിരേകത്തിന് എന്നും സ്തുതിയും സ്തോത്രവും ഉണ്ടായിരിക്കട്ടെ.

കർത്താവായ യേശുവേ,

മാനവ സമൂഹത്തിലും വ്യക്തികളിലും സ്നേഹത്തിന്റെ അഭാവത്തിൽ ഉണ്ടാകുന്ന എണ്ണമററ പാളിച്ചകളും പാകപ്പിഴകളും എന്നെ അസ്വസ്ഥനും നിരുത്സാഹനുമാക്കുന്നു. എന്നാൽ അങ്ങയുടെ സ്നേഹം എല്ലാററിനേയും നന്മയിലേക്കു നയിക്കുന്നു. മാനുഷികാഭിവാഞ്ചകളേയും ചരിത്ര സംഭവങ്ങളേയും അവിടുന്ന് അതിസ്വഭാവികങ്ങളാക്കി മാററുന്നു. ഈ സത്യം ഉൾക്കൊണ്ട് നവമായ പ്രത്യാശയും ചൈതന്യവും കൊണ്ട് നിറയുവാൻ എനിക്കിടയാകട്ടെ.

എന്റെ ഈ തീർത്ഥാടനത്തിൽ എനിക്കു പ്രതിബന്ധമായി നില്ക്കുന്ന തിന്മയുടെ ശക്തിയെ ഞാൻ കാണുന്നു. എന്നാൽ അതൊരിക്കലും അങ്ങയുടെ സ്നേഹത്തിന്റെ ശക്തിയെ അതിശയിക്കുന്നില്ല. അങ്ങയുടെ ഹൃദയമാകുന്ന എന്റെ ജീവിതത്തിന്റെയും പ്രപഞ്ചത്തിന്റെയും കേന്ദ്രം; അങ്ങയുടെ സ്നേഹമാകുന്ന എന്റെ ഹൃദയത്തിന്റെ സ്പന്ദനം. കല്പാന്തകാലത്തിൽ ആ സ്നേഹം തീർച്ചയായും വിജയക്കൊടിയേന്തിനില്ക്കും.

## സമ്പൂർണ്ണ സമർപ്പണം

നാഥാ,

നിരുപാധികമായ സ്നേഹത്താൽ അങ്ങ് സ്വയം ദാനമായി എനിക്കു നല്കി. എന്നെത്തന്നെ അങ്ങേയ്ക്കു പൂർണ്ണമായി



malankaralibrary.com

അപ്പിക്കുവാൻ അതിനാൽത്തന്നെ ഞാൻ കടപ്പെട്ടിരിക്കുന്നു.

അങ്ങ് എന്നെ പൂർണ്ണമായും സ്വന്തമാക്കി അങ്ങയുടെ ഹിതാനുസാരം ഉപയോഗിക്കാനാകത്തക്കവിധം ഈ സമർപ്പണം അചഞ്ചലവും നിത്യവുമായിരിക്കട്ടെ.

എന്റെ സത്തയെ മുഴുവനായും അങ്ങേയ്ക്കു ഞാനർപ്പിക്കുന്നു. എന്റെ ചിന്തകളും ഭാവനകളും അഭിലാഷങ്ങളും പ്രവർത്തികളും അടിയറവയ്ക്കുന്നു. ഇവയെല്ലാം അങ്ങയുടെ ദിവ്യമായ ചിന്തകൾക്കും ഭാവനകൾക്കും അഭിലാഷങ്ങൾക്കും പ്രവൃത്തികൾക്കും ഒത്തതായിരിക്കട്ടെ.

എന്റെ ഭൂതഭാവിവർത്തമാനകാലങ്ങൾ അങ്ങയുടെ തൃക്കരങ്ങളിൽ വച്ചുതരുന്നു. എനിക്കുള്ളതെല്ലാം അവിടുത്തേതായിരിക്കട്ടെ. ജീവിതത്തിന്റെ എല്ലാ നിമിഷവും ഞാൻ അങ്ങയോടുകൂടിയും ആയിരിക്കട്ടെ.

കർത്താവായ യേശുവേ,

സമ്പൂർണ്ണ സമർപ്പണത്തിന് സ്വയം ശക്തനല്ലാത്ത ഞാൻ അങ്ങയുടെ സ്നേഹത്തിൽ ആശ്രയിക്കുന്നു. അങ്ങുതന്നെ എന്നെ സ്വന്തമാക്കിയാലും. പിതാവിന്റെ തിരുമുൽക്കാഴ്ചയായ യേശുവേ, എന്റെ എളിയ കാഴ്ചയും നേർച്ചയും അങ്ങയുടെ അപരിമേയമായ ഔദാര്യത്തിൽ സ്വീകരിച്ച് എന്നെ അനുഗ്രഹിക്കേണമേ. ആമേൻ.

## നാഥാ, സ്വീകരിച്ചാലും

സ്നേഹത്തിന്റെ ഉറവിടമായ ദിവ്യഹൃദയമേ, എനിക്കുള്ളതും ഞാനായിരിക്കുന്നതും മുഴുവനായും അങ്ങേയ്ക്കുപ്പിക്കുന്നു.



malankaralibrary.com

എൻെറ ചേതനയും എൻെറ ചെയ്തികളും അങ്ങു സ്വീകരിച്ചാലും, എൻെറ ചിന്തകളും ജീവിതം മുഴുവനും അങ്ങു കൈക്കൊണ്ടാലും.

എൻെറ ആത്മാവിനെ ഞാനങ്ങേയ്ക്കർപ്പിക്കുന്നു, എൻെറ സ്വാതന്ത്ര്യമനസ്സിനേയും! ഞാൻ എപ്പോഴും അങ്ങയെ അന്വേഷിക്കട്ടെ; അങ്ങയെ മാത്രം!

എൻെറ ആഗ്രഹങ്ങളുടെ ഉറവിടങ്ങളെ അങ്ങ് വിശുദ്ധീകരിക്കണമെ; ഞാൻ അങ്ങയെ മാത്രം ആഗ്രഹിക്കട്ടെ. അവർണ്ണ്യമായ സ്നേഹവും അവാച്യമായ ആനന്ദവുമായ യേശുവേ, എൻെറ ഏകലക്ഷ്യം അങ്ങു മാത്രമാകണമെ. അങ്ങയുടെ നന്മയിലേയ്ക്കും അങ്ങയുടെ പ്രശാന്തിയിലേയ്ക്കും എന്നെ നയിക്കണമെ. അങ്ങയുടെ ആനന്ദത്തിലെന്നപോലെ വേദനയിലും എന്നെ ആമഗ്നനാക്കണമെ. അങ്ങയുടെ ജീവിതത്തിലെന്നപോലെ മരണത്തിലും എന്നെ പങ്കാളിയാക്കണമെ. ഉത്ഥാനത്തിൻെറ മഹത്വത്തിലെന്നപോലെ കുരിശിൻെറ ഞെരുക്കത്തിലും എന്നെ പങ്കുകാരനാക്കണമെ.

കർത്താവായ ദൈവമേ,

മൃതനായ എന്നെ ഉദ്ധരിക്കാൻ കഴിവുള്ള അവിടുത്തെ ശക്തിയാൽ എന്നെ അങ്ങയിലേയ്ക്ക് അടുപ്പിക്കണമെ. ഉജ്ജ്വലമായ ദിവ്യപ്രകാശത്താൽ എന്നെ ജ്വലിപ്പിച്ച് അങ്ങയുടെ സ്വന്തമാക്കണമെ,

സ്നേഹം തുളുമ്പുന്ന ഈശോയുടെ തിരുഹൃദയമേ, എന്നെ അങ്ങേ ദാസനായി, അടിമയായി സ്വീകരിക്കണമെ. അയോഗ്യദാസനായ എൻെറ പ്രാർത്ഥന കേട്ട് എന്നെ അങ്ങയുടെ സ്നേഹിതനായി കൈക്കൊള്ളുമെങ്കിൽ ഞാൻ അതിൽ അഭിമാനം കൊള്ളുന്നു.



malankaralibrary.com

അങ്ങയുടെ പ്രേഷിതവൃത്തിയിൽ എന്നെ ഒരു എളിയ ഉപകരണമായി സ്വീകരിച്ചാലും. മനുഷ്യരക്ഷയ്ക്കായി അവിടുന്നർപ്പിച്ച തിരുബലിയിൽ എന്നേയും ഒരു സജീവ ബലിവസ്തുവായി ചേർക്കണമെ.

യേശുവേ,

എൻേറതായി എന്നിൽ ഒന്നും അവശേഷിക്കാത്തവിധം പൂർണ്ണമായി അങ്ങ് എന്നെ സ്വീകരിക്കണമെ. എൻെറ പരാജയങ്ങളേയും പാപങ്ങളേയും അങ്ങ് കൈക്കൊള്ളണമെ. നാഥാ, അങ്ങേയ്ക്കു കാഴ്ചവെച്ചതു് ഞാൻ ഒരിക്കലും തിരിച്ചെടുക്കാതിരിക്കട്ടെ.

നിറഞ്ഞ സ്നേഹത്താൽ അങ്ങയെ ആശ്ലേഷിച്ച്, അങ്ങയെ പൂർണ്ണമായി സ്വീകരിച്ച് എൻെറ സ്വന്തമാക്കുവാൻ സാധിക്കുന്ന ആ ഭാഗ്യദിനവും പ്രതീക്ഷിച്ച്, കർത്താവേ, ഞാൻ കാത്തിരിക്കുന്നു.

## ആഹ്ലാദംനിറഞ്ഞ അനുയാത്ര

യേശുവേ,

അങ്ങയുടെഭാരം എൻെറ ചുമലിൽ വച്ചു തരേണമേ. അതു മധുരമായതും ലഘുവുമാകുന്നു. അവിടുത്തെപ്രബോധനങ്ങളെല്ലാം കരുണയാൽ പ്രശോഭിതമാണ്, അവ എന്നെ പ്രബുദ്ധനാക്കട്ടെ.

അങ്ങയുടെ പ്രമാണങ്ങളൊന്നും എന്നെ നിരുത്സാഹനാക്കുന്നില്ല. അവ എന്നെ നന്മയിൽ നടത്തുകയും സ്നേഹപൂർവ്വകമായ പരിപാലന അനുഭവിക്കാൻ അർഹനാക്കുകയും ചെയ്യുന്നു.



malankaralibrary.com

അങ്ങയുടെ നിയമങ്ങൾ അനുസരിക്കുവാൻ എന്നെ പഠിപ്പിക്കണമെ. അവ എന്നെ ഉയർത്തുകയും സ്വതന്ത്രനാക്കുകയും ചെയ്യും. അങ്ങേ തിരുവചനത്തേയും തിരുവുള്ളത്തേയും ഓർത്ത് ഞാനൊരിക്കലും പരാതിപ്പെടുകയില്ല. അവയൊരിക്കലും എനിക്കു പ്രതിബന്ധങ്ങളല്ല, മറിച്ച്, സ്നേഹത്തിൻെറ ബന്ധനങ്ങൾ മാത്രം.

യേശുവേ,

അങ്ങ് എനിക്കു കുരിശുകൾ നല്കിയാലും! അവ എന്നോടൊത്തു വഹിക്കുവാൻ അങ്ങ് മനസ്സായിരിക്കുന്നതിൽ ഞാൻ ആനന്ദിക്കുന്നു.

എന്നിൽനിന്നും അങ്ങേയ്ക്കു് എന്തുവേണമെങ്കിലും ആവശ്യപ്പെടാം. എനിക്കു് അങ്ങ് ഒരിക്കലും വിലമതിക്കാനാവാത്ത നിക്ഷേപമാണ്. എല്ലാ ക്ലേശങ്ങളും അങ്ങിൽ ആനന്ദവും, എല്ലാ അദ്ധ്വാനങ്ങളും അങ്ങിൽ വിശ്രമവുമത്രേ!

## പ്രചോദകരമായ മാതൃക

നാഥാ,

അങ്ങയുടെ പ്രബോധനം ഉള്ളണർത്തുന്നതാണ്; ഉത്തമവും ഉദാത്തവുമാണ്. അതിൻെറ അർത്ഥപൂർണ്ണത അങ്ങയുടെ ഹൃദയത്തിൽ ഞാൻ കാണുന്നു. അങ്ങ് ഈ ലോകത്തിലേയ്ക്കു വന്നതു് വീരോചിതമായ സഹനത്തിലൂടെ ദൈവപിതാവിൻെറ സ്നേഹം ഞങ്ങൾക്കു് അനുഭവവേദ്യമാക്കാനായിരുന്നെന്നു് ഞാനറിയുന്നു. അങ്ങയുടെ പ്രവൃത്തികളോരോന്നും ഈ സത്യം തെളിയിച്ചു.

യേശുവേ,

പിതാവായ ദൈവത്തേയും സഹോദരരായ മനുഷ്യരേയും



malankaralibrary.com

സ്നേഹിക്കുവാൻ ഞങ്ങളെ പരിശീലിപ്പിക്കുക. അതിനു വേണ്ടിയാണല്ലോ അങ്ങു ഭൂമിയിൽ വന്നത്. പഴയനിയമങ്ങളെല്ലാം രണ്ടു പ്രമാണങ്ങളിൽ സംഗ്രഹിച്ച് അങ്ങു ഞങ്ങൾക്കു നല്കി. ''സർവോപരി ദൈവത്തെ സ്നേഹിക്കുക; തന്നെപ്പോലെ തന്റെ അയൽക്കാരനേയും സ്നേഹിക്കുക.'' ഈ പ്രമാണം അങ്ങു തീർത്തും പ്രായോഗികമാക്കി. അങ്ങ് എല്ലായ്പോഴും പിതാവിനോടുള്ള സ്നേഹത്തിൽ വസിച്ചു. ഒപ്പം, ഞങ്ങളോടുള്ള സ്നേഹത്തിലും. അങ്ങ് സ്നേഹത്തിന്റേയും ആത്മസമർപ്പണത്തിന്റെയും ഒരു ബലിയായിരുന്നു. യേശുവേ, ഈ ദ്വിവിധ സ്നേഹത്തിന്റെ അത്യഗാധതലങ്ങളെ അനുഭവിച്ചറിയുവാൻ എന്നെ സഹായിക്കണമേ!

നാഥാ,

സ്നേഹം സ്വീകരിക്കുവാനും സ്നേഹം കൊടുക്കുവാനും എന്നെ പഠിപ്പിക്കണമെ. ഈ ലോകത്തിൽ വച്ചു ലഭിക്കാവുന്ന ഏററവും ഉന്നതമായ ദാനം ദൈവസ്നേഹമാണെന്നും എല്ലാ മനുഷ്യരും തേടേണ്ടതും നേടേണ്ടതും അതുമാത്രമാണെന്നും അങ്ങയുടെ ദിവ്യഹൃദയം എന്നെ പഠിപ്പിക്കട്ടെ. പിതാവായ ദൈവം ഞങ്ങളെ എല്ലാവരേയും എല്ലാ സാഹചര്യങ്ങളിലും പൈതൃകമായ വാത്സല്യത്തോടെ സ്നേഹിക്കുന്നുവെന്ന ബോദ്ധ്യവും ഉറപ്പും ഞങ്ങളിൽ ഉളവാക്കേണമേ.

## സൗഹൃദത്തിന്റെ പൂർണ്ണത

യേശുവേ,

ഏററവും വിനീതവും ആകർഷകവുമായ രീതിയിൽ അങ്ങു



malankaralibrary.com

എന്നെ സമീപിച്ചു. നമ്മുടെ സമാഗമത്തിന്റെ ആദ്യനിമിഷത്തിൽത്തന്നെ അനന്യസാധാരണമായ അങ്ങയുടെ സൗഹൃദം എനിക്കു വച്ചുനീട്ടി!

ഏററവും ഉത്കൃഷ്ടമായ അവസ്ഥയിലേയ്ക്കു് അങ്ങെന്നെ ഉയർത്തി. ഉദാത്തമായ സമീപനവും പൂർണ്ണമായ സൗഹൃദവും അങ്ങെന്നോടാവശ്യപ്പെട്ടു. വാക്കിനേക്കാൾ ശക്തമായ അങ്ങേ സ്നേഹം എന്റെ ഹൃദയഭിത്തികളിൽ തുളച്ചുകയറി. എന്നേക്കാൾ എന്നോടടുത്ത ഒരു സ്നേഹിതനായി അങ്ങു് എന്നിൽ കഴിയുന്നു. എന്നെക്കുറിച്ചുള്ള അങ്ങയുടെ ശ്രദ്ധ അനന്യസാധാരണമാണു്. എന്റെ അന്തരാത്മാവിന്റെ എല്ലാ അഭിലാഷങ്ങളേയും അങ്ങു് തൃപ്തിപ്പെടുത്തുന്നു.

കർത്താവേ,

അങ്ങയുടെ ആത്മദാനം ഒന്നിനോടും താരതമ്യപ്പെടുത്താനാവാത്തവിധം പൂർണ്ണമാണു്, ആശ്രയിക്കുന്നവരെ അങ്ങു് ഒരിക്കലും ഭഗ്നാശരാക്കുന്നില്ല! അങ്ങയുടെ സ്നേഹം എല്ലാ സ്നേഹത്തേയും അതിശയിക്കുന്നതാകുന്നു.

നമ്മുടെ സൗഹൃദം പൂർണ്ണമാകേണ്ടതിനു്, അങ്ങയുടെ സന്തോഷവും ദുഃഖവും, പ്രത്യാശകളും പദ്ധതികളും ഞാനുമായി പങ്കുവയ്ക്കുവാൻ അവിടന്നാഗ്രഹിക്കുന്നു.

രക്ഷയുടെ ഫലം ഞാനും മററുള്ളവരും അനുഭവിക്കുന്നതിനുവേണ്ടി അങ്ങയുടെ രക്ഷാകരപദ്ധതിയിലും അങ്ങെന്നെ പങ്കുകാരനാക്കി.

ദൈവം എന്റെ സ്നേഹിതനാവുക! ഇതു ഞാൻ ഒരിക്കലും വിശ്വസിക്കുമായിരുന്നില്ല. എന്നാൽ ആ അത്ഭുതം സംഭവിച്ചു. അങ്ങു് എന്റെ സ്നേഹിതനായി. സ്രഷ്ടാവു് സൃഷ്ടിയുടെ സ്നേഹിതൻ; പരമ പരിശുദ്ധൻ പാപിയുടെ പരിപാലകൻ!



malankaralibrary.com

യേശുവേ,

എല്ലാ സുഹൃദ്ബന്ധത്തിന്റെയും മാതൃക അങ്ങു മാത്രമാകുന്നു. നിലയ്ക്കാത്ത സ്നേഹബന്ധം അങ്ങയുടേതു മാത്രമാകുന്നു. അങ്ങയുടെ വിശ്വസ്തത എന്നും നിലനില്ക്കുന്നു.

കർത്താവേ,

അങ്ങയുടെ കരുണ എന്നിൽ ചൊരിയണമെ! ഞാനെന്നും, എപ്പോഴും അങ്ങേ സൗഹൃദത്തിലായിരിക്കട്ടെ! എനിക്കതു മതി.



malankaralibrary.com

# രണ്ട്

# പ്രകാശകേന്ദ്രം

## വെളിച്ചത്തിന്നുറവിടം

യേശുവേ,

ഞാൻ അങ്ങിൽ വിശ്രമിക്കുവാനും അങ്ങിൽ നിന്നും നവ ജീവൻ പ്രാപിക്കുവാനുമായി അങ്ങയുടെ ഹൃദയം എനിക്കു നല്കി.

പ്രാർത്ഥനയിൽ ഞാൻ അമിതഭാഷണം ചെയ്യുവാൻ അങ്ങാഗ്രഹിക്കുന്നില്ല. ഞാൻ നിത്യവും അങ്ങയുടെ സന്നിധാനത്തിലായിരിക്കുവാൻ, അങ്ങുമായി അഗാധമായ ഐക്യത്തിൽ വർത്തിക്കുവാൻ മാത്രം അങ്ങ് അഭിലഷിക്കുന്നു. അവിഭക്തമായ ബന്ധത്തിൽ, ഐക്യത്തിന്റെ അരൂപിയിൽ നിരന്തരം വളരുവാൻ അങ്ങെനിക്കു കൃപ ചെയ്യണമെ.

ഇന്നലെയേക്കാളേറെ ഇന്ന് എന്റെ ഹൃദയത്തെ സ്നേഹത്താൽ അങ്ങ് ഉജ്ജ്വലിപ്പിക്കണമെ, ധ്യാനാത്മക പ്രാർത്ഥനയിൽ എന്നെ പരിശീലിപ്പിക്കുക. മൗനത്തിലും ഏകാഗ്രതയിലും പരിപൂർണ്ണമായ സമർപ്പണത്തിലും ഞാൻ വളരട്ടെ. ഞാനെപ്പോഴും അങ്ങയോട് അടുത്തിരിക്കട്ടെ: അങ്ങയോടു മാത്രം.



malankaralibrary.com

യേശുവേ,

പ്രാർത്ഥനയുടെ നിമിഷങ്ങളെ കുറയ്ക്കുന്ന പ്രവണതയിൽ നിന്നു് എന്നെ മോചിപ്പിക്കണമേ. അങ്ങിൽ നിന്നക റുന്ന അന്യചിന്തകളെമാററി സ്നേഹാനുഭവങ്ങളെക്കൊണ്ടു് എൻെറ ജീവിതനിമിഷങ്ങളെ നിറയ്ക്കുവാൻ കനിയണമെ. എൻെറ മാനസികവിരസത ആത്മീയ തീക്ഷ്ണതയെ തണുപ്പിക്കുവാൻ ഒരിക്കലും ഇടയാകാതിരിക്കട്ടെ! അങ്ങ യുടെ സാന്നിധ്യത്തിൽ നിരന്തരം ആയിരിക്കുവാനുള്ള എൻെറ വിഫലമായ ആഗ്രഹത്തെ അങ്ങേയ്ക്കു ഞാൻ അർ പ്പിക്കുന്നു.

എൻെറ നാഥനായ യേശുവേ,

ലോകത്തിൻെറ ആശങ്കകളും ആകുലതകളും എന്നെ അലട്ടു മ്പോഴും, ശാന്തിയുടേയും പ്രാർത്ഥനയുടേതുമായ ദിവ്യനിശ ബ്ദതയിലേയ്ക്കു് കടന്നുവരുവാൻ എനിക്കു സാധിക്കട്ടെ.

## നല്ല ഇടയൻ

നല്ല ഇടയനായ യേശുവേ,

അങ്ങയുടെ ആടുകളെ അങ്ങു് അറിയുന്നു, അവയെ അങ്ങ് പേരുചൊല്ലി വിളിക്കുകയും ചെയ്യുന്നു.

അങ്ങെന്നെ വ്യക്തിപരമായി അറിയുന്നുവെന്ന ഓർമ്മ എന്നെ ആനന്ദലഹരിയിലാഴ്ത്തുന്നു. അങ്ങേ സർവ്വാതി ശായിയായ ജ്ഞാനത്താൽ മാത്രമല്ല അനുകമ്പാർദ്രമായ ഹൃദയംകൊണ്ടും അങ്ങെന്നെ അറിയുന്നു: ഇതെത്രയോ നിർ വൃതികരം !

ഹൃദയത്തിൻെറ ആഴങ്ങളും അറിയുന്ന കരുണാർദ്രമായ അങ്ങയുടെ നയനങ്ങളും, നിറഞ്ഞ സ്നേഹവായ്പോടെ,



malankaralibrary.com

സഹാനുഭൂതിയോടെ, എന്റെ ഹൃദയവേദന അറിയുന്നു. എന്റെ അന്തരാത്മാവിന്റെ നിസ്സഹായതയും നിരാശാബോധവും ഭയാനകമായ ശൂന്യതയും അവിടുന്നു കാണുന്നു. എന്റെ അവസ്ഥ ഇതൊക്കെയായിട്ടും അങ്ങ് എന്നെ കൈവിടാതെ സ്നേഹിച്ച് പരിപാലിക്കുന്നു. നാഥാ, അങ്ങയുടെ നിഷ്കാമമായ സ്നേഹം അനുഭവിക്കുന്ന എനിക്ക് നിരന്തരം അങ്ങയെ അനുധാവനം ചെയ്യാൻ സാധിക്കട്ടെ.

## സ്നേഹത്തിനായുള്ള ദാഹം

നാഥാ,

ഞാൻ നിന്റെ സ്നേഹത്തിനുവേണ്ടി ദാഹിക്കുന്നു. സ്നേഹിക്കപ്പെടാൻ, അങ്ങയാൽ സ്നേഹിക്കപ്പെടാനാണ് എന്റെ ദാഹം. അങ്ങിൽ പണിതുയർത്താത്ത ഏതു സ്നേഹവും വഞ്ചനാപരവും അപകടകരവുമാണ്. എന്റെ അസ്തിത്വത്തിന് അർത്ഥവും പ്രശ്നങ്ങൾക്കു പരിഹാരവും ഏകാന്തതയിൽ കൂട്ടുകാരനും അങ്ങാകുന്നു. എന്റെ സ്നേഹത്തെ പ്രോജ്ജ്വലിപ്പിക്കുന്നതും നവീകരിക്കുന്നതും അങ്ങയുടെ സ്നേഹമാകുന്നു.

യേശുവേ,

അങ്ങയുടെ സ്നേഹം എന്നെ പ്രകാശിപ്പിക്കുകയും പ്രപഞ്ചത്തെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു; എന്റെ ജീവിതം അർത്ഥപൂർണ്ണമാക്കുന്നു. അങ്ങയുടെ സ്നേഹം ആത്മധൈര്യത്തോടും പ്രത്യാശയോടുംകൂടി എന്തും അഭിമുഖീകരിക്കുവാൻ എന്നെ ശക്തനാക്കുന്നു. എന്റെ ഭാവി പരിപാടികൾക്ക് അങ്ങ് രൂപവും നേതൃത്വവും നല്കുക. അവ എന്റെ ശക്തിക്കതീതമാണ്. എന്നാൽ അങ്ങ് അതു കരങ്ങളി



malankaralibrary.com

ച്ചേരുമ്പോൾ, ആ പരിപാലനയുടെ പാതയിലൂടെ അന്ധമായി, സംശയലേശമെന്യെ സോത്സാഹം എനിക്കു മുന്നോട്ടുപോകാം.

കർത്താവായ യേശുവേ!,

എന്റെ ആത്മാവു് അങ്ങയാൽ സ്നേഹിക്കപ്പെടുവാനുള്ള അടക്കാനാവാത്ത ദാഹത്താൽ കേഴുന്നു. അങ്ങേക്കായി ഞാൻ ഉരുവാക്കപ്പെട്ടും പൂർണ്ണമായും അങ്ങയുടെ സ്വന്തമാക്കപ്പെടുകയാണു് എന്റെ ഏററവും വലിയ ആവശ്യവും ആഗ്രഹവും !

അങ്ങെന്നെ സ്നേഹിക്കുന്നുവെന്നു ഞാനറിയുന്നു. ഞാനതു വിശ്വസിക്കുകയും ചെയ്യുന്നു. എന്റെ ഈ അറിവും വിശ്വാസവും അചഞ്ചലമായ ബോധ്യമായി മാററണമെ എന്നു ഞാൻ യാചിക്കുന്നു. എന്റെ എല്ലാ ചിന്തകളും പ്രവൃത്തികളും അങ്ങയുടെ സ്നേഹത്തിൽ ആയിരിക്കട്ടെ. എന്റെ ഈ ആഗ്രഹം അങ്ങു സ്വീകരിച്ചാലും. അങ്ങെന്നെ സ്നേഹിക്കുന്നു എന്നതുമാത്രം എന്നെ അതീവ സന്തുഷ്ടനാക്കുന്നു. ഈശോയുടെ സ്നേഹമുള്ള ഹൃദയമെ, അങ്ങേയ്ക്കു വേണ്ടിയുള്ള എന്റെ ദാഹം വർദ്ധിപ്പിക്കണമെ. ഒരുനാൾ ഇതു സഫലമാകുമെന്ന പ്രത്യാശയും എന്നിൽ ഉറപ്പിക്കണമെ.

## സർവശക്തമായ സ്നേഹം

നാഥാ,

അങ്ങേയ്ക്കു അസാധ്യമായി ഒന്നും ഇല്ല. നന്മമാത്രമായ അവിടന്നു് എനിക്കെല്ലാം നന്മയ്ക്കായി ചെയ്യുന്നു. അങ്ങേയ്ക്കു് എന്റെ ജീവിതത്തിൽ അത്ഭുതങ്ങൾതന്നെ പ്രവർത്തിക്കുവാൻ സാധിക്കുമെന്ന പ്രതീക്ഷാനിർഭരമായ വിശ്വാസം എന്നിൽ ഉളവാക്കണമെ.



malankaralibrary.com

എന്റെ സ്നേഹം പ്രകടമാക്കുന്ന വിശ്വാസവും പ്രത്യാശയുമാണ് അങ്ങ് എന്നിൽ നിന്നാവശ്യപ്പെടുന്നത്. വിശ്വാസത്തിന്റെ തോതനുസരിച്ച് ഉദാരമായി പ്രതിഫലം നല്കാൻ കാത്തിരിക്കുന്ന അങ്ങ് എന്റെ പ്രത്യാശാനിർഭരമായ പ്രാർത്ഥന കേൾക്കുകയും അതിനു പ്രത്യുത്തരം നല്കുകയും ചെയ്യുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. പലപ്പോഴും അങ്ങേ സ്നേഹപ്രവാഹത്തെ തടഞ്ഞു നിർത്തുന്നത് എന്റെ വിശ്വാസ രാഹിത്യമാണ്. എന്നാൽ ഇന്ന് 'വിശ്വസിക്കുന്നവന് എല്ലാം സാധ്യമാണ്' എന്ന അങ്ങയുടെ വചനത്തിൽ ഞാൻ ഉറച്ചു വിശ്വസിക്കുന്നു. അങ്ങിൽ ആശ്രയിക്കുമ്പോൾ എന്റെ ബലഹീനതകളും പരാജയങ്ങളും തെററുകളും കൂടുതലായി ഞാൻ കാണുന്നു.

എന്നെ രക്ഷിക്കുവാനും, എന്നെ ഉയർത്തുവാനും, എന്നെ നവീകരിക്കുവാനുമായി, എന്നിൽ അനർഗളമായി വർഷിക്കുവാൻ അവിടുന്നഭിലഷിക്കുന്ന അങ്ങയുടെ പ്രസാദവരത്തിൽ ഞാൻ വിശ്വസിക്കുന്നു.

എന്റെ ആദ്ധ്യാത്മികവും പ്രേഷിതാത്മാവുമായ എല്ലാ ആവശ്യങ്ങളും അങ്ങേ തൃക്കരങ്ങളിൽ ഞാനർപ്പിക്കുന്നു.

കർത്താവേ,

അങ്ങു എന്നിൽ മഹത്തായ കാര്യങ്ങൾ നിർവഹിക്കുമെന്ന ബോധ്യത്തോടെ എന്റെ മുഴുശക്തിയോടും പ്രത്യാശയോടും കൂടി അങ്ങിൽ ഞാൻ വിശ്വസിക്കുന്നു. ജീവിതകാലത്ത് ഭൂമിയിൽ അങ്ങു നിർവഹിച്ച അതേ അത്ഭുതങ്ങൾ ഇന്നും അനുവർത്തിക്കുവാൻ അവിടുന്നു സന്നദ്ധനാണെന്നു ഞാനറിയുന്നു. നല്ലവനായ യേശുവേ, എന്റെ വിശ്വാസത്തിന്റെ അളവനുസരിച്ച് അവയെല്ലാം ഇന്നും നിർവഹിതമാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.



malankaralibrary.com

# അചഞ്ചലമായ വിശ്വസ്തത

നാഥാ,

അവിടുന്നു വാഗ്ദാനങ്ങളിൽ വിശ്വസ്തനാകുന്നു. ഒരിക്കലും തിരിച്ചെടുക്കാത്തവിധം അവിടുത്തെ ഹൃദയം അവിടുന്നെനിക്കു നല്കി. അങ്ങയുടെ സ്നേഹമോ പ്രസാദവരമോ അങ്ങൊരിക്കലും പിൻവലിക്കുകയില്ല.

ഞാൻ അവിശ്വസ്തനാകുമ്പോഴും അങ്ങു് വിശ്വസ്തത കൈവിടുന്നില്ല, വാഗ്ദാനം ലംഘിക്കുന്നില്ല. എന്റെ ഭാവിയുടെ ഉറപ്പും പ്രത്യാശയുടെ അടിസ്ഥാനവും അങ്ങയുടെ ഈ വിശ്വസ്തതയാകുന്നു. അങ്ങയുടെ അചഞ്ചലമായ വിശ്വസ്തതയുടെ ആഴവും പരപ്പും വ്യക്തമായറിഞ്ഞു് അങ്ങിൽ ഞാനാശ്രയിക്കട്ടെ. അങ്ങൊരിക്കലും എന്നെ കൈവിടുകയില്ല, അങ്ങയുടെ കൃപയുടെ സമൃദ്ധിയിൽ നിരന്തരം അങ്ങെന്നെ കാത്തുകൊള്ളുന്നു.

എന്റെ മരണവേളയിൽ അങ്ങയുടെ ഈ വിശ്വസ്തത കൂടുതലായി സ്മരിക്കുവാനും അതിലാശ്രയിക്കുവാനും എനിക്കിടവരുത്തണമെ. അങ്ങേ സ്നേഹം രഹസ്യമായി, എനിക്കായി ഒരുക്കിയിരിക്കുന്ന നിത്യാനന്ദത്തിലേയ്ക്കു് അതെന്നെ നയിക്കും.

കർത്താവായ ഈശോയേ,

അങ്ങിൽ വിശ്വാസമർപ്പിക്കുന്ന ഒരുവനും ഒരിക്കലും നിരാശനാവുകയില്ല. അങ്ങു് എനിക്കായി ഒരുക്കിയിരിക്കുന്ന സൗഭാഗ്യം എല്ലാ മാനുഷിക പ്രതീക്ഷകളേയും അതിശയിക്കുന്നതാകുന്നു. അങ്ങിലുള്ള എന്റെ പ്രത്യാശ നാൾതോറും പുതിയ നാളങ്ങളും നാമ്പുകളും അണിയട്ടെ. ഞാൻ നിരന്തരം നവീകൃതനാകട്ടെ. നാഥാ, അങ്ങേയ്ക്കു സ്തോത്രം!



malankaralibrary.com

# അക്ഷയമായ സ്നേഹം

നാഥാ,

അങ്ങയുടെ ഹൃദയം ഒന്നു തുറന്നു കാണിക്കൂ, എന്റെ ഹൃദയം ഞാനിവിടെ കണ്ടെത്തട്ടെ, അങ്ങേ ജീവിതം മുഴുവൻ സ്നേഹപൂർണ്ണമായിരുന്നു. സ്നേഹത്തിന്റെ അനന്തമായ സാധ്യതകളുടെ ഉറവിടമാണ് ആ സ്നേഹം.

എന്നിൽ ആദ്യമായി സ്നേഹജ്വാല കൊളുത്തിയതു് അവിടുന്നാണ്. അതു പൊലിയാതെ കാത്തുസൂക്ഷിക്കുന്നതും നിരന്തരം പ്രോജ്ജ്വലിപ്പിക്കുന്നതും അങ്ങു തന്നെ.

അങ്ങേ സ്നേഹത്തിന്റെ പ്രകാശത്തിൽ അയൽക്കാരനോടുള്ള സ്നേഹം എന്നിൽ നിന്ന് എന്താണാവശ്യപ്പെടുന്നതു് എന്നു ഞാൻ പഠിക്കട്ടെ.

കർത്താവേ,

അങ്ങയുടെ സഹായത്താൽ ആ സ്നേഹത്തിന്റെ മഹത്വത്തിലേയ്ക്കുയരുവാൻ എനിക്കു സാധിക്കുമെന്ന് അങ്ങെന്നെ ബോദ്ധ്യപ്പെടുത്തണമെ.

അങ്ങയോടൊത്തു് ആ സ്നേഹസാമ്രാജ്യം പരത്തുവാൻ എന്നെയും ഒരു കരുവാക്കണമെ.

എന്റെ അലസതയും മന്ദതയും സുഖപ്പെടുത്തണമെ. അങ്ങനെ എന്റെ സമർപ്പണം പരിപൂർണ്ണമാകാൻ ഇടവരുത്തണമെ.

എന്റെ അയല്ക്കാരനെ സഹായിക്കുന്നതിൽ വരുന്ന എല്ലാ ഭാരങ്ങളും വഹിക്കാൻ എന്നെ ശക്തനാക്കണമെ. അസാധ്യമായവ അവിടുന്നു സാധ്യമാക്കിത്തീർക്കണമെ. അങ്ങ് എന്നിൽ നിന്ന് പ്രതീക്ഷിക്കുന്ന വിധം എല്ലാം പരിപൂർത്തിയാക്കുവാനുള്ള ശക്തി അങ്ങെനിക്കു പ്രദാനം ചെയ്യണമെ.



malankaralibrary.com

# മൂന്ന്

# കരുണാർദ്രമായ ഹൃദയം

## ദീർഘശാന്തതയും ക്ഷമയും

എൻെറ നാഥനായ യേശുവേ,

പ്രതികാരം ചെയ്യുവാനുള്ള കഴിവും അതിനുള്ള മാർഗ്ഗവും അവിടുത്തേയ്ക്കുണ്ട്. എന്നാൽ ഈ കഴിവുകളും മാർഗ്ഗവും അവിടുന്നു ക്ഷമിക്കുവാൻ മാത്രമായി വിനിയോഗിക്കുന്നു. ഏററവും ക്രൂരവും അനീതിപരവും അപഹാസ്യവുമായ കുരിശിലെ മരണത്തിൻെറ നിമിഷത്തിൽപോലും ഘാതകരോടു ക്ഷമിക്കുവാനായി അങ്ങ് പിതാവിനോടപേക്ഷിച്ചു. എൻെറ ഹൃദയവും അങ്ങയുടേതുപോലെ പ്രവർത്തിച്ചിരുന്നെങ്കിൽ! എന്നോടു തെററു ചെയ്യുന്നവരോടു ക്ഷമിക്കാനുള്ള ശക്തി എനിക്കു നല്കണമെ. പ്രതികാരത്തിനെതിരേ പ്രതികാരം ചെയ്യുവാനാണ് എൻെറ സ്വാഭാവിക പ്രവണത. എന്നിലുള്ള പ്രതികാരേച്ഛയുടെ നാരായവേരു പോലും അവിടുന്നു ദഹിപ്പിച്ചു കളയണമെ.

യേശുവേ,

എനിക്കെതിരായി പറയുന്ന ഓരോ വാക്കും അനിഷ്ടകരമായി ചെയ്യുന്ന ഓരോ പ്രവൃത്തിയും ക്ഷമാപൂർവ്വം സ്വീകരിക്കുവാൻ എന്നെ ശക്തിപ്പെടുത്തണമെ. യാതൊരു പകയും നീരസവും ഉള്ളിലൊതുക്കി വയ്ക്കാതെ അവിടുത്തേയ്ക്ക് അർപ്പിക്കുവാൻ എന്നെ സഹായിക്കണമെ. എല്ലാം



malankaralibrary.com

ക്ഷമിക്കുകയും മറക്കുകയും ചെയ്തുകൊണ്ട് നിത്യം ശാന്തഹൃദയനായി ജീവിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ!

## ദയയും സഹതാപവും

യേശുവേ,

എൻെറ ഹൃദയമാകുന്ന ഭവനത്തിലേയ്ക്കു തള്ളിക്കയറി വരുന്ന ഒരതിഥിയല്ല അവിടുന്ന്. അങ്ങയുടെ കരുണയാൽ ആകർഷിക്കപ്പെട്ട് ഞാൻ സ്വാതന്ത്ര്യനായി അങ്ങയുടെ പക്കലേയ്ക്ക് കടന്നുവരുന്നു. അവിടത്തെ ഊഷ്മളമായ സഹതാപം അനുഭവിക്കാത്തവരായി ആരും ഉണ്ടാകില്ല. ആദ്യം അവിടുത്തെ ഹൃദയം നല്കിക്കൊണ്ടാണ് അവിടുന്ന് എൻെറ ഹൃദയം സ്വീകരിക്കുന്നത്. പരിപൂർണ്ണ സ്വാതന്ത്ര്യത്തോടെ ഞാൻ എന്നെത്തന്നെ അവിടത്തേയ്ക്കു നല്കുന്ന സമയം അങ്ങിതാ കാത്തിരിക്കുന്നു.

കർത്താവേ,

അവിടുത്തെ കരുണയുടെ സ്ഫുലിംഗങ്ങൾ അല്പമെങ്കിലും എന്നിലും ചൊരിയണമെ. എൻെറ അനുകമ്പയും കാരുണ്യവും കൊണ്ട് എൻെറ അയല്ക്കാരും നിന്നിലേയ്ക്കുവരേണ്ടതിനായി അവരോടു ദയാപൂർവ്വം പെരുമാറുന്നതിനും അവരുടെമേൽ അനുകമ്പ കാണിക്കുന്നതിനും എന്നെ പഠിപ്പിക്കണമെ. അവിടുത്തെ അരൂപിക്കു ചേരാത്ത നിരസം, വെറുപ്പ്, പക തുടങ്ങിയ വികാരങ്ങളെയും മററുള്ളവരെ അടിച്ചമർത്തുന്നതും പ്രകോപിപ്പിക്കുന്നതുമായ എല്ലാ പ്രവണതകളേയും എന്നിൽനിന്ന് അകററണമെ.

എല്ലാവരേയും ക്ഷമാപൂർവം സ്നേഹിക്കുവാനും ദയാപൂർവ്വം സേവിക്കുവാനും എന്നെ പരിശീലിപ്പിക്കണമെ.



malankaralibrary.com

യേശുവേ,

അങ്ങേ കരുണാർദ്രമായ സ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷിയായി എന്നെ രൂപാന്തരപ്പെടുത്തണമെ.

## ആദരവും ശാലീനതയും

യേശുവേ,

അങ്ങയുടെ നയനങ്ങൾ ആ ഹൃദയത്തെ പ്രതിഫലിപ്പിക്കുന്നു. ആന്തരികതയുടെ ആഴങ്ങളിലേയ്ക്ക് ചൂഴ്ന്നിറങ്ങുന്നതാണ് ആ കടാക്ഷം. എന്റെ ഉള്ളിന്റെ ഉള്ള് അങ്ങു മാത്രമറിയുന്നു, അങ്ങയുടെ കടാക്ഷം സ്നേഹാന്വിതമാണ്. അതു് പ്രതീക്ഷ ഉളവാക്കുന്നതും അനുകമ്പ പ്രതിഫലിപ്പിക്കുന്നതുമാകുന്നു; ഒരിക്കലും വിരസമല്ല, നിരാശാജനകവുമല്ല, അതു് ആരേയും ശപിക്കുന്നില്ല. ആരേയും വിധിക്കുന്നുമില്ല. മനുഷ്യരുടെ ക്രൂരമായ വിധികളെപ്പോലും തടഞ്ഞു നിറുത്തി രക്ഷിക്കാൻ ശക്തമാണതു്.

കർത്താവേ,

ഞാൻ മററുള്ളവരെ കാണുന്നതും നോക്കുന്നതും ഒരിക്കലും മുൻവിധിയോടെയോ ദുർവിധിയോടെയോ ആകാൻ ഇട വരുത്തരുതേ. എന്റെ അഭിപ്രായങ്ങളും വിധിത്തീർപ്പുകളും യാഥാർത്ഥമായ സ്നേഹത്തിൽനിന്നും രൂപംകൊള്ളുന്നതായിരിക്കട്ടെ.

അപരൻ തെററുചെയ്തു എന്നു ഞാൻ വ്യക്തമായി അറിയുമ്പോഴും എന്നോടുതന്നെ ദ്രോഹപരമായി പെരുമാറുമ്പോഴും അവനു ബഹുമാനവും ആദരവും നല്കുവാൻ എന്നെ അനുഗ്രഹിക്കണമെ.



malankaralibrary.com

ഓരോരുത്തരുടേയും മനഃസ്സാക്ഷിയുടെ രഹസ്യങ്ങളെ ആദരിക്കുവാൻ എനിക്കു കഴിയട്ടെ; അങ്ങയുടെ സ്നേഹവും കൃപാവരവും അവരിൽ പ്രവർത്തിക്കുമെന്ന വിശ്വാസവും എനിക്കു നല്കണമെ.

അങ്ങയുടെ സ്നേഹം ഓരോരുത്തരേയും വിലമതിക്കുന്നു. അതുപോലെ ഞാനും മററുള്ളവരെ വിലമതിക്കട്ടെ.

ഈശോയേ,

എൻെറ വീക്ഷണങ്ങളേയും പെരുമാററങ്ങളേയും അങ്ങു വിശുദ്ധീകരിച്ചാലും. അവ എപ്പോഴും അങ്ങയുടെ നന്മയേയും കാരുണ്യത്തേയും പ്രതിഫലിപ്പിക്കട്ടെ.

## വിനയവും ആത്മാർത്ഥയും

കാരുണ്യവാനായ ദൈവമേ,

സ്വന്തം ദുരവസ്ഥയെക്കുറിച്ച് ബോധവനായി, തൻെറ എല്ലാ പ്രതീക്ഷകളും അങ്ങിൽ അർപ്പിക്കുന്ന ഒരു ദരിദ്രൻെറ ഹൃദയം അങ്ങെനിക്കു നല്കണമെ.

ലൗകിക സമ്പത്തുകളിൽനിന്നും സ്വാർത്ഥതാല്പര്യങ്ങളിൽനിന്നും വിമുക്തമായ, ആത്മാർത്ഥത നിറഞ്ഞ ഒരു ഹൃദയം എനിക്കു നല്കണമെ.

കർത്താവായ യേശുവേ,

വിനയമുള്ള ഒരു ഹൃദയം എനിക്കു നല്കണമെ. അറിയപ്പെടാതിരിക്കുന്നതിലും വിസ്മൃതിയുടെ മറയിലായിരിക്കുന്നതിലും പരിത്യക്തതയും നിന്ദനവും അനുഭവിക്കുന്നതിലും സംതൃപ്തിയും സന്തോഷവും കണ്ടെത്തുന്ന ഒരു ഹൃദയം എനിക്കു നല്കണമെ.

അങ്ങയുടെ ശാന്തതയും സ്നേഹവും പ്രതിഫലിക്കുന്ന പ്രശാന്തമായ ഒരു ഹൃദയം എന്നിൽ ഉരുവാക്കണമെ.



malankaralibrary.com

എന്റെ അയൽക്കാരനെ അയാളായിരിക്കുന്ന വിധത്തിൽ സ്വീകരിക്കാനും അയാളുടെ വേദനയിൽ സഹാനുഭൂതികൊള്ളാനും കഴിവുള്ള വിശാലമായൊരു ഹൃദയം എനിക്കു നല്കണമെ.

അങ്ങയുടെ കാരുണ്യത്തിനും ശാന്തിക്കും സാക്ഷ്യം വഹിക്കുന്നതിനും അതിന്റെ സന്ദേശവാഹകനാകുന്നതിനും ഉതകുന്ന ശാലീനമായൊരു ഹൃദയം എനിക്കു നല്കണമെ.

അങ്ങയുടെ സർവ്വശക്തമായ സ്നേഹത്തിൽ ആശ്രയിച്ച് സ്വന്തം വേദനയിലും ദുഃഖത്തിലും സമനില തെററാതെ അങ്ങിൽ സന്തോഷപൂർവ്വം സംതൃപ്തമാകാൻ കഴിവുള്ള ലാളിത്യമാർന്നൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമെ.

യേശുവേ,

മററുള്ളവരിൽനിന്നുണ്ടാകുന്ന എല്ലാ ദൂഷണങ്ങളും ക്ഷമിക്കാനും മറക്കാനും സാധിക്കുന്ന ഒരു ഹൃദയം എനിക്കു നല്കണമെ.

സ്നേഹപൂർവ്വമായ സേവനത്തിലൂടെ സ്വയം വ്യയം ചെയ്യാൻ തയ്യാറാകുന്ന ഔദാര്യം നിറഞ്ഞ ഒരു ഹൃദയം എനിക്കു നല്കണമെ.

ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി, എല്ലാ കുരിശുകളും രഹസ്യമായും മൗനമായും സഹിച്ച്, ദഹിച്ച് എരിഞ്ഞുതീരുന്ന ഒരു ഹൃദയം എനിക്കു നല്കണമെ.

## സന്നദ്ധതയും സേവനവും

ദിവ്യനാഥാ,

വിണ്ണുവിട്ട് മണ്ണിലേയ്ക്കു താണിറങ്ങി, ദാസന്റെ വേഷം ധരിച്ച് ഞങ്ങളിൽ ഒരുവനെപ്പോലെയാകുന്നത് ഒരു കു



malankaralibrary.com

വായി അങ്ങു പരിഗണിച്ചില്ല. എല്ലാ ആരാധനയ്ക്കും അർഹനായ അങ്ങ് ഞങ്ങളുടെ ഇടയിൽ ഏററവും ചെറിയവനായി, അവസാനംവരെ ഞങ്ങൾക്ക സേവനം ചെയ്തു. സ്വയം ശൂന്യനായി ഏററം നിന്ദ്യമായ കരിശുമരണം സ്വീകരിച്ച് അങ്ങ് മനുഷ്യരുടെ മുൻപാകെ ഏററം വിനീതനായിത്തീന്നുവല്ലോ !

സ്നേഹമുള്ള ഈശോയെ,

അങ്ങയുടെ ഈ ജീവിതരഹസ്യം എൻെറ ഹൃദയത്തിനു പ്രകാശമാകട്ടെ ! അവിടുത്തെ അത്യഗാധമായ വിനയം എൻെറ അഹംഭാവത്തെ തകർക്കട്ടെ. എളിമപ്പെടാനുള്ള അവസരങ്ങൾ ഒഴിവാക്കുവാനും അധികാരം പിടിച്ചുപററുവാനുമാണ് എൻെറ വ്യാമോഹം. ഭരിക്കുന്നതിനേക്കാൾ സേവിക്കുന്നതിനുള്ള താത്പര്യം എന്നിൽ ജനിപ്പിക്കണമെ. കല്പിക്കുന്നതിനേക്കാൾ അനുസരിക്കുന്നതിനും ബഹുമാനിതനാകുന്നതിനേക്കാൾ ബഹുമാനിക്കുന്നതിനും എനിക്കു സാധിക്കട്ടെ.

കത്താവേ,

സ്വാത്മസ്നേഹത്തിൽനിന്ന് എന്നെ മോചിപ്പിക്കണമെ. അങ്ങനെ മററുള്ളവക്ക് സേവനം ചെയ്യുന്നതിനായി ഞാൻ എന്നെത്തന്നെ സന്തോഷപൂർവ്വം വിനീതനാക്കട്ടെ. എല്ലാവക്കും എപ്പോഴും സംലഭ്യനാകാൻ എന്നെ സഹായിക്കണമെ. എന്നെ യഥാത്ഥ സ്നേഹത്തിൻെറ എളിയ സേവകനാക്കിത്തീർക്കണമെ. പരസ്നേഹത്തിലും സേവനത്തിലും ഞാൻ ആനന്ദംകൊള്ളട്ടെ. നാഥാ, അങ്ങേയ്ക്കു സ്തുതി, ആരാധന !



malankaralibrary.com

നാല്

# യഥാർത്ഥ സ്നേഹത്തിന്റെ ആവിഷ്കാരം

## പിതാവിനുള്ള സമർപ്പണം

യേശുനാഥാ,

അങ്ങയുടെ ജീവിതം മുഴുവൻ സന്തോഷപൂർവ്വം അങ്ങ് പിതാവിന് ആത്മസമർപ്പണം ചെയ്തു. ആ പുത്രഹൃദയം പിതാവിനോടുള്ള അവിഭക്തസ്നേഹത്താൽ നിറഞ്ഞു നിന്നു.

അങ്ങു നിരന്തരം പിതാവിന്റെ ദർശനത്തിൽ നിമഗ്നനായിരുന്നു. പന്ത്രണ്ടാമത്തെ വയസ്സിൽ ദേവാലയത്തിൽ വച്ചും അതിനുശേഷം മരുഭൂമിയിലെ ഏകാന്തനിമിഷങ്ങളിലും പിതാവിന്റെ കാര്യത്തിലുള്ള തീക്ഷ്ണത അവിടുന്ന് വെളിപ്പെടുത്തി. അങ്ങയുടെ വ്യക്തിത്വം മുഴുവനും പിതാവുമായുള്ള ഗാഢബന്ധത്തിനായി ചെലവഴിച്ചു. എത്ര പരിപൂർണ്ണമായാണ് അങ്ങയുടെ ആത്മസത്ത മുഴുവനും പിതാവിനോടുള്ള അഗാധമായ പ്രാർത്ഥനയിൽ മുഴുകിയത്.

പരസ്യജീവിതകാലം അങ്ങയുടെ ശക്തി ഒക്കെയോടും കൂടി തീക്ഷ്ണതാപൂർവ്വം പിതാവിന്റെ ഹിതം നിർവ്വഹിക്കുന്നതിനായി വിനിയോഗിച്ചു.



malankaralibrary.com

പ്രകൃതിയിലും മനുഷ്യനിലും പ്രപഞ്ചം മുഴുവനിലും അങ്ങ് പിതാവിനെ ദർശിച്ചു; മരണംവരെ പിതാവിൻെറ ഹിതം നിറവേററി; അവസാനം പരിപൂർണ്ണ ആശ്രയബോധത്തോടെ സ്വന്തം ആത്മാവിനെ പിതാവിൻെറ കരങ്ങളിൽ സമർപ്പിച്ചു.

ഈശോയേ,

അങ്ങനുഭവിച്ച അവാച്യമായ ഈ പിതൃപുത്ര ബന്ധത്തിൻെറ ഓഹരി എനിക്കും നൽകണമെ. എൻെറ ബുദ്ധിയും മനസ്സും പിതാവിങ്കലേക്കു നയിക്കണമെ. എൻെറ എല്ലാ ചിന്തകളും പ്രാർത്ഥനകളും പ്രവർത്തനങ്ങളും പിതാവിങ്കലേക്കുയരട്ടെ. അവയെല്ലാം പിതാവിൻെറ മഹത്വത്തിനുവേണ്ടി മാത്രമുള്ളതുമാവട്ടെ. അവിടത്തെ സാമീപ്യം അന്വേഷിക്കുന്നതിൽ ഞാൻ ആഹ്ലാദം കൊള്ളട്ടെ. എല്ലായിടത്തും എല്ലാവരിലും എല്ലാ സാഹചര്യങ്ങളിലും അവിടുത്തെ നന്മയിൽ നിന്നുവരുന്ന എല്ലാ അനുഭവങ്ങളിലും അവിടത്തെ കണ്ടെത്തുന്നതിൽ ഞാൻ ആഹ്ലാദിക്കട്ടെ.

സർവ്വോപരി, എനിക്കായി, എൻേറതായി ഒന്നും മാററിവയ്ക്കാതെ, എല്ലാം പിതാവിൻെറ പാദാന്തികെ അടിയറവയ്ക്കുവാൻ എന്നെ സഹായിക്കണമേ. എല്ലാം വിശ്വസിക്കുന്ന, എല്ലാം പ്രതീക്ഷിക്കുന്ന നിഷ്ക്കളങ്കമായ ഹൃദയത്തോടെ പിതാവിനെ സ്നേഹിക്കുന്ന ഒരു ശിശുവിൻെറ ഹൃദയം അങ്ങെന്നിൽ സൃഷ്ടിക്കണമെ.

## കാരുണ്യത്തിൻെറ മാറെറാലി

കർത്താവായ യേശുവേ,

ജീവിതകാലത്തു് അങ്ങ് മനുഷ്യനിൽ സമൃദ്ധമായി ചൊരിഞ്ഞ സ്നേഹം സ്വർഗ്ഗീയപിതാവിനു് മനുഷ്യനോ



malankaralibrary.com

ടുള്ള സ്നേഹത്തിന്റെ പ്രകാശനവും ആവിഷ്ക്കാരവു മാണല്ലോ. ഇതു മനസ്സിലാക്കുവാൻ എന്നെ സഹായി ക്കണമെ അങ്ങയുടെ പ്രബോധനങ്ങൾ അങ്ങ് പിതാ വിൽനിന്നും സ്വീകരിച്ചതാണെന്നും അങ്ങു ചെയ്ത അത്ഭു തങ്ങൾ പിതാവിന്റെ പ്രവർത്തനങ്ങളാണെന്നും അങ്ങു തന്നെ എനിക്കു പറഞ്ഞു തന്നിട്ടുണ്ട്. പിതാവിന്റെ ചിന്തയിൽ നിന്നുയിർക്കൊണ്ട ആ പ്രബോധനങ്ങളുടെ ഉദാത്തത ഗ്രഹിക്കുവാൻ എന്നെ അനുഗ്രഹിക്കണമെ. അവ പ്രകാശവും പ്രകാശദായകവുമാണെന്നു ഞാനറിയുന്നു. അങ്ങു ചെയ്ത അത്ഭുതങ്ങൾ മാനവകുലം മുഴുവനിലേയ്ക്കും, പിതാവായ ദൈവത്തിന്റെ അനന്തനന്മയുടെ വററാത്ത ഉറവയിൽനിന്നുള്ള അപ്രതിഹതമായ പ്രവാഹമായിരു ന്നെന്നും ഞാൻ മനസ്സിലാക്കുന്നു.

സ്നേഹയീശോയേ,

സ്വന്തം ശിഷ്യരോട് അങ്ങേയ്ക്കുണ്ടായിരുന്ന പരിഗണനയും പാപികളോട് അങ്ങു കാണിച്ച കാരുണ്യവും ദൈവ പിതാവിന്റെ കരുണാർദ്രസ്നേഹത്തിന്റെ പ്രതിധ്വനി യായി എന്നിൽ മാറെറാലിക്കൊള്ളട്ടെ.

പരിധിയില്ലാത്ത ഉദാരതയോടെ അവിടുന്നു എനിക്കായി സ്വയം ബലിയർപ്പിച്ചു. അതിൽനിന്നും എന്നെ സ്നേഹിച്ച പിതാവിന്റെ സ്നേഹം ഞാൻ മനസ്സിലാക്കുന്നു. അങ്ങയുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും പിതാവിനെ ഞാൻ കണ്ടെത്തുന്നതോടൊപ്പം അങ്ങയുടെ ഉറവിടം അങ്ങയുടെ ഹൃദയത്തിലും സ്നേഹത്തിലുമാണെന്നു ഞാൻ അറിയുന്നു.

അങ്ങുമായി ഞാൻ ഒന്നായിരിക്കുന്നതുപോലെ പിതാവു മായും എന്നെ ഐക്യപ്പെടുത്തണമെ. ഈശോയേ, അങ്ങേ യ്ക്കു സ്തുതി.



malankaralibrary.com

## മാതൃസ്നേഹത്തിന്റെ തീക്ഷ്ണത

യേശുനാഥാ,

അങ്ങു അമ്മയെ സ്നേഹിച്ചതുപോലെ, അങ്ങയുടെ അമ്മയെ സ്നേഹിക്കുവാൻ എന്നെയും പഠിപ്പിക്കണമെ. ശിശുവായിരിക്കുമ്പോഴും ശിശുസഹജമായ വിധത്തിൽ അങ്ങയുടെ സ്നേഹം മുഴുവൻ അമ്മയിൽ അവിടുന്നു നിക്ഷേപിച്ചു. വളർന്നു വലുതായപ്പോഴും കുറേക്കൂടി പക്വതയോടെ, മങ്ങലേല്ക്കാത്ത സ്നേഹത്തോടെ, ശിശുസഹജമായിത്തന്നെ, അവിടുന്നു അമ്മയെ സ്നേഹിച്ചുവല്ലോ.

അങ്ങു കന്യകാമറിയത്തെ സ്നേഹിച്ചതു് സ്വന്തം അമ്മയെന്ന നിലയിൽ മാത്രമല്ല. അതിനേക്കാളുപരി, സ്വന്തമായി ഒന്നും മാററിവയ്ക്കാതെ, സമ്പൂർണ്ണ സമർപ്പണത്തോടെ പിതാവിന്റെ ഹിതത്തിനു കീഴ്‌വഴങ്ങിയ വ്യക്തി എന്ന നിലയിലായിരുന്നുവല്ലോ!

അങ്ങയുടെ സ്നേഹതീവ്രത എന്റെ ഹൃദയത്തേയും ഉത്തേജിപ്പിക്കട്ടെ. മാതൃസ്നേഹത്താൽ ഞാൻ തുടിക്കട്ടെ. നിർമ്മലവും പരിപക്വവുമായ സ്നേഹത്താൽ ഞാൻ അവളെ സ്നേഹിക്കട്ടെ. അവളുടെ വിശ്വാസവും വിനയവും എനിക്കു മാതൃകയാകട്ടെ, എനിക്കു് അമ്മയായി മറിയത്തെ അങ്ങു നല്കി. അവളുടെ മൃദുലസ്നേഹത്തിലേയ്ക്കു് എന്നെ അടുപ്പിക്കണമെ.

ഈശോയേ,

നസ്രസിൽ അമ്മ നയിച്ച സ്നേഹജീവിതത്തിൽ എന്നേയും പങ്കുചേർക്കണമേ. അവിടുത്തെ രക്ഷാകരവേലയിൽ അമ്മയ്ക്കു നല്കിയ മഹനീയ സ്ഥാനം മനസ്സിലാക്കി അമ്മയോടു് യഥാർത്ഥ സ്നേഹവും ആദരവും പുലർത്തുവാൻ എന്നെ



malankaralibrary.com

സഹായിക്കണമെ. എന്റെ ആദ്ധ്യാത്മിക ജീവിതം അമ്മയുടെ മദ്ധ്യസ്ഥതയിലും സംരക്ഷണത്തിലും വളരുവാൻ അവിടുന്നു കനിയണമെ.

കന്യകാമാതാവിന്റെ ജീവിതരഹസ്യങ്ങളിലേയ്ക്കു് അങ്ങെന്നെ നയിക്കണമെ. അങ്ങെന്റെ ജീവിതാദർശമായിരിക്കുന്നതുപോലെ, അമ്മ എന്റെ ജീവിതമാതൃകയാവട്ടെ. ആ മാതൃക അവലംബിച്ചു് ഞാൻ എന്നും അങ്ങയെ അനുധാവനം ചെയ്യും.

## ഔദാര്യവും വിശാലമനസ്കതയും

നാഥാ,

അങ്ങൊരിക്കലും സഹനങ്ങളിൽനിന്നും ജീവിതഭാരങ്ങളിൽനിന്നും ഒഴിഞ്ഞുമാറിയില്ല. പിതാവിന്റെ മഹത്വത്തിന്റെ മുൻപിലുംരക്ഷ സുരക്ഷിതമാക്കുവാൻ തന്നെ ഏല്പിച്ചിരുന്ന എണ്ണമററ മനുഷ്യാത്മാക്കളുടെ മുൻപിലും അവിടുന്നു തുറന്ന ഹൃദയത്തോടെ ഔദാര്യപൂർവ്വം വർത്തിച്ചു. നാഥാ, എന്നേയും വിശാലഹൃദയനാക്കണമെ. ഞാൻ പലപ്പോഴും ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നവനും സമർപ്പണത്തിൽ അമാന്തമുള്ളവനുമാകുന്നു.

എന്റെ സ്നേഹത്തെ ബന്ധിച്ചിരിക്കുന്നു, എന്നെ പരതന്ത്രനാക്കുന്ന എല്ലാററിനേയും അകററുകയും അവയുടെ ചങ്ങലകളെ തകർക്കുകയും ചെയ്യണമെ. സ്വാർത്ഥപരവും സങ്കുചിതവുമായ കാര്യങ്ങളിൽ വ്യഗ്രചിത്തനാവുകയും നിസ്സാരമായവയിൽ അസ്വസ്ഥനാവുകയും ചെയ്യുമ്പോൾ സ്വർഗ്ഗീയപിതാവിന്റെ മഹത്വത്തേയും ആത്മരക്ഷയുടെ പ്രാധാ



malankaralibrary.com

ന്യത്തേയുംകുറിച്ച് ചിന്തിക്കുവാൻ എന്നെ സഹായിക്കേണമെ. ജീവിതപ്രശ്നങ്ങളിൽ നിരുത്സാഹനാകാതിരിക്കുവാനും അവയുടെ സങ്കുചിതത്വത്തിൽ കുരുങ്ങി കിടക്കുവാൻ ഇടയാകാതിരിക്കുവാനായി വിശാലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമെ. എപ്പോഴും എവിടെയും എൻെറ ആത്യന്തികമായ ലക്ഷ്യം ആത്മരക്ഷയും പിതാവിൻെറ മഹത്വവുമായിരിക്കട്ടെ.

കർത്താവായ യേശുവേ,

എല്ലാവിധ മാന്ദ്യവും അകററി, വ്യർത്ഥവും, സ്വാർത്ഥപരവുമായ എല്ലാററിൽനിന്നും എന്നെ രക്ഷിക്കണമെ. അങ്ങയുടെ അനുഗ്രഹത്താൽ നവീകരിച്ച് എന്നെ കൂടുതൽ വിശാലഹൃദയനും തീക്ഷ്ണമതിയുമാക്കിത്തീർക്കണമെ.

## ജീവിതസമരത്തിൽ ധീരത

യേശുവേ,

അങ്ങെപ്പോഴും മൃദുലചിത്തനാകുന്നു. അതോടൊപ്പം, മററാരേക്കാളും ദൃഢചിത്തനും അങ്ങയെ സ്നേഹിക്കുന്നവരിൽ നിന്ന് വിലയേറിയ പലതും ആവശ്യപ്പെടുന്നവനുമാകുന്നു. ശത്രുക്കളെ നേരിടുന്നതിന് വീരോചിതമായ ധൈര്യം അവിടുന്നാവശ്യപ്പെടുന്നു. അജയ്യവും ധീരവുമായ സ്നേഹത്താൽ ഈ ഭൂമിയിൽ യുദ്ധം ചെയ്യുവനാണവിടുന്ന്.

എൻെറ നാഥനായ യേശുവേ,

ഈ യുദ്ധഭൂമിയിലേയ്ക്ക് അവിടുന്നെന്നെയും ക്ഷണിക്കുന്നു. ജീവിതകടമകൾ നിർവ്വഹിക്കുവാനും തിന്മയുടെ ശക്തിയെ



malankaralibrary.com

ചെറുത്തുനിന്ന് അതിജീവിക്കുവാനും വീരോചിതമായ ശക്തികൂടിയേ തീരൂ. അങ്ങയുടെ ദൃഢവും ശക്തവുമായ ഹൃദയത്താൽ ബലഹീനതകളിൽ അങ്ങെന്നെ ശക്തിപ്പെടുത്തണമെ. പ്രാർത്ഥന കേൾക്കുന്ന കർത്താവേ, ഞാൻ അങ്ങേയ്ക്കു നന്ദിപറയുന്നു.

എൻെറ ഈശോയേ,

ജീവിതത്തിൻെറ നിമ്നോന്നത തലങ്ങളിൽ കാലിടറാതെ ഉറച്ചു നില്ക്കുവാൻ എന്നെ സഹായിക്കണമെ. നന്മയ്ക്കുവേണ്ടിയുള്ള പോരാട്ടത്തിൽ വിജയം കൈവരിക്കുവാൻ എന്നെ അനുഗ്രഹിക്കു. തിന്മയുടെ ശക്തിയാൽ പരീക്ഷിക്കപ്പെടുമ്പോഴും അങ്ങയോടു വിശ്വസ്തനായിരിക്കുവാൻ കൃപചെയ്യണമെ. അവിടുത്തെ ദിവ്യശക്തിയാൽ ബലഹീനതകളിൽ എന്നെ ശക്തിപ്പെടുത്തണമെ.

കർത്താവേ,

ഞാൻ മററുള്ളവർക്ക് യാതൊരു പ്രകാരത്തിലും ഭാരമാവാതിരിക്കട്ടെ. എല്ലാവർക്കും ശക്തിപകരുന്ന ശാന്തത എനിക്കു നല്കേണമേ. അങ്ങയുടെ ക്ഷമയുടെയും കാരുണ്യത്തിൻെറ പ്രതീകമായി എന്നെ രൂപാന്തരപ്പെടുത്തണമെ. അങ്ങയെപ്പോലെ സ്നേഹംകൊണ്ടു ലോകത്തെ കീഴടക്കുവാൻ എന്നെ പഠിപ്പിക്കണമെ.

## രക്ഷാകരമായ സഹനം

നാഥാ,

അങ്ങിൽനിന്ന് എനിക്കിനിയും വളരെയേറെ കാര്യങ്ങൾ പഠിക്കുവാനുണ്ട്. രക്ഷാകരമായ സഹനത്തിൻെറ അർത്ഥം എന്നെ പഠിപ്പിക്കണമെ.



malankaralibrary.com

കുരിശിന്റെ ശാപം അവിടുന്നു സ്വയം സ്വീകരിച്ചു. അവാച്യമായ വേദനകളും സഹനങ്ങളും ക്ഷമാപൂർവം അവിടുന്നു പേറി. എല്ലാം സ്വയം വഹിച്ചുകൊണ്ടു് പിതാവിന്റെ ഹിതത്തിനു് അങ്ങു കീഴ്‌വഴങ്ങുകയായിരുന്നു. എല്ലാററിനുമുപരിയായി അങ്ങു പിതാവിനപ്പിച്ചതു് അങ്ങനുഭവിച്ച ആന്തരികവേദനകളായിരുന്നു.

ശത്രുവിന്റെ വക്രതയാർന്ന പെരുമാററങ്ങളും ക്രൂരമായ വാക്കുകളും വിദ്വേഷവും വൈരുദ്ധ്യം നിറഞ്ഞ മനസ്ഥിതിയും നാഥാ, അങ്ങയുടെ മൃദുലമായ ഹൃദയത്തെ എത്രമാത്രം തകർത്തിരുന്നു! എല്ലാററിലും പിതാവിന്റെ ഹിതം ദർശിച്ച അങ്ങു, അക്ഷോഭ്യനും ശാന്തഗംഭീരനുമായിരുന്നു. ഓ! അങ്ങയുടെ ഹൃദയവിശാലത! മനസ്സിന്റെ മഹത്വം! സ്നേഹത്തിന്റെ ശക്തി! യേശുവേ, സ്തോത്രം! യേശുവേ, നന്ദി.

ഞാൻ പലപ്പോഴും സഹനത്തിന്റെ ചില ബാഹ്യ അഭ്യാസങ്ങളാംകൊണ്ടു സംതൃപ്തനാകുന്നു. സാഹസികമായ വെല്ലുവിളികളുണർത്തുന്ന ആത്മബലിയിൽനിന്നു് ഒഴിഞ്ഞു മാറുന്നു.

എന്റെ ആന്തരിക വേദനകളെ പിതാവിനർപ്പിക്കുന്നതിനുള്ള ശക്തി എനിക്കു നല്കുക. വിനീതനാകുവാനുള്ള അവസരങ്ങളെ സ്വാർത്ഥസ്നേഹം തടസ്സപ്പെടുത്താതിരിക്കട്ടെ. എനിക്കായി സ്വയം അങ്ങു നഷ്ടപ്പെടുത്തിയതുപോലെ, വിശാലഹൃദയത്തോടെ എല്ലാം നഷ്ടപ്പെടുത്തുവാനുള്ള അനുഗ്രഹം എനിക്കു തരേണമേ.

കർത്താവേ,

ഏതുവിധ പ്രലോഭനങ്ങളേയും നേരിടുവാനുള്ള മനശ്ശക്തി എനിക്കു പ്രദാനം ചെയ്യണമെ. എല്ലാററിലും എപ്പോഴും അവിടുത്തെ സഹനത്തിന്റെ മാതൃക പിന്തുടരാനുള്ള പ്രചോദനവും നല്കുക; എനിക്കതു മതി.



malankaralibrary.com

## അഞ്ച്

# കാരുണ്യത്തിൻെറ തികവ്

### സഹനത്തിൽ പങ്കുചേരുക

നാഥാ,

മനുഷ്യപാപം പിതാവായ ദൈവത്തെ എത്രമാത്രം വേദനിപ്പിച്ചു എന്നു ഞങ്ങളെ ബോധ്യപ്പെടുത്തുവാൻ അവിടുന്നു ദുസ്സഹമായ പീഡകരം സഹിച്ചു. അതോടൊപ്പം പാപത്തിനു പരിഹാരം ചെയ്യുന്നതു് എത്ര മഹോന്നതമാണെന്നും അതിൻെറ ആവശ്യകതയും അങ്ങു ഞങ്ങളെ പഠിപ്പിച്ചു.

ഈശോയേ,

അങ്ങു വേദന സഹിച്ചതു് എൻെറ പാപങ്ങൾക്കുവേണ്ടിയായിരുന്നു. പരോപകാരാർത്ഥമുള്ള സഹനത്തിൻെറ മഹത്വം എന്നെ പഠിപ്പിക്കണമെ. പിതാവിനു പരിപൂർണ്ണമായി അർപ്പണം ചെയ്ത അങ്ങയുടെ ജീവിതത്തിലും സഹനത്തിലും പിതാവുമായി എന്നെ അനുരജ്ഞനപ്പെടുത്തിയ അങ്ങയുടെ ഹൃദയസ്നേഹത്തിലും ഞാൻ പങ്കുവഹിക്കട്ടെ. അങ്ങേ രക്ഷാകരമായ സഹനത്തിൽ എന്നെ പങ്കാളിയാക്കണമെ. സഹനത്തിൽനിന്നു് ഒഴിഞ്ഞുമാറാതിരിക്കുവാനും, എനിക്കു് ഏററവും വിലയേറിയതെന്തോ അതു പിതാവായ ദൈവത്തിനു സമർപ്പിക്കുവാനും എന്നെ ശക്തിപ്പെടുത്തണമെ.



malankaralibrary.com

കർത്താവേ,

മനുഷ്യരുടെ പരസ്പരമുള്ള ഐക്യത്തിനും എന്റെയും മാനവകുലം മുഴുവന്റേയും പാപപരിഹാരത്തിനും വേണ്ടി എന്റെ വേദനകളും അദ്ധ്വാനങ്ങളും ഞാൻ സമർപ്പിക്കുന്നു. ആദിമ ക്രൈസ്തവ സമൂഹങ്ങളിലുണ്ടായിരുന്ന ഹൃദയ ഐക്യവും കൂട്ടായ്മയും ഞങ്ങളുടെ സമൂഹങ്ങളിലും സംജാതമാകട്ടെ!

## പരിഹാരം

നാഥാ,

എന്റെയും ലോകത്തിന്റേയും എണ്ണമററ പാപങ്ങൾക്കായി ഞാൻ എന്നെത്തന്നെ ഒരു പരിഹാര ബലിയായി സമർപ്പിക്കുന്നു.

അങ്ങും അങ്ങയുടെ സഭയും അനുഭവിക്കുന്ന നിരവധിയായ പീഡനങ്ങൾക്കു പരിഹാരമായി എന്റെ പൂർണ്ണമായ വിധേയത്വവും വിശ്വസ്തതയും ഞാൻ വാഗ്ദാനം ചെയ്യുന്നു. അവിടുന്നു ചൊരിയുന്ന അതിരററ നന്മകളുടെ നേർക്ക് അനേകർ പുലർത്തുന്ന നിഷ്ക്രിയത്വത്തേയും നിഷ്പക്ഷമനോഭാവത്തേയും ഓർത്ത് എന്റെ നല്ലമനസ്സും ഉറച്ച തീരുമാനവും അങ്ങേയ്ക്കർപ്പിക്കുന്നു. അവിടുന്നു നൽകുന്ന എല്ലാ ദിവ്യപ്രചോദനങ്ങളേയും സ്വീകരിച്ച് അതനുസരിച്ച് ജീവിച്ചുകൊള്ളാമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. അങ്ങയുടെ സ്നേഹത്തിന്റെ കല്പനകളെ ധിക്കരിച്ച് മനുഷ്യൻ ചെയ്യുന്ന എല്ലാ പാപങ്ങൾക്കും പരിഹാരമായി ഞാൻ എന്നെത്തന്നെ അവിടത്തേയ്ക്കു സമർപ്പിക്കുന്നു. എല്ലാ കാര്യങ്ങളിലും അവിടുത്തെ നിയമങ്ങൾ അനുസരിക്കുവാനുള്ള സന്നദ്ധതയും ഞാനർപ്പിക്കുന്നു.



malankaralibrary.com

ഞങ്ങളുടെ സഹജീവികൾക്കെതിരായി ചെയ്യപ്പെടുന്ന എല്ലാ അനീതികൾക്കും പരിഹാരമായി, അങ്ങെന്നെ സ്നേഹിച്ചതുപോലെ എല്ലാവരേയും ആത്മാർത്ഥമായി സ്നേഹിക്കുവാനും എൻെറ ജീവിത മാതൃകയിലൂടെ എല്ലാവർക്കും പ്രചോദനം പകരുവാനും ഞാൻ നിശ്ചയിക്കുന്നു.

കർത്താവേ,

ആധുനിക മനുഷ്യനിലെ വിരസതയ്ക്കും നിരാശയ്ക്കും പരിഹാരമായി, നിന്നിലുള്ള എൻെറ പൂർണ്ണമായ പ്രത്യാശയും അചഞ്ചലമായ ആശ്രയവും ഞാൻ അർപ്പിക്കുന്നു.

അങ്ങയുടെ അനന്തമായ പരിപാലനയ്ക്കു പകരമായി മനുഷ്യർ ചെയ്യുന്ന നന്ദിഹീനമായ പ്രവർത്തനങ്ങൾക്കും പരിഹാരമായി എൻെറ ജീവിതനിമിഷങ്ങളെ കൃതജ്ഞതാസ്തുതികൾകൊണ്ടു നിറയ്ക്കുവാൻഞാൻ ആഗ്രഹിക്കുന്നു. യേശുവേ, സ്തോത്രം, യേശുവേ, നന്ദി.

അവിടുത്തെ ഹൃദയവേദനയെ ലഘൂകരിക്കുവാൻ ഞാൻ എന്നെത്തന്നെ ഒരു സഹനബലിയായി അർപ്പിക്കുന്നു. ഈ അർപ്പണത്തെ അങ്ങു സ്വീകരിച്ചു പൂർത്തീകരിക്കണമെ. ഞാനങ്ങേയ്ക്കു ഒരു സുരഭില കാഴ്ചയായിത്തീരട്ടെ.

## പാപികളോടുള്ള സഹാനുഭൂതി

കരുണയിൽ സമ്പന്നനായ യേശുവേ, പാപികളായ ഞങ്ങളെ രക്ഷിക്കുന്നതിനായി അങ്ങു ലോകത്തിലേയ്ക്കു വന്നു. അങ്ങു ആരെയും നിരസിച്ചില്ല. മറിച്ച്, സൗഖ്യമാക്കപ്പെടേണ്ട മുറിവുകളെമാത്രം അങ്ങു കണ്ടെത്തി.



malankaralibrary.com

അന്ധക്ക കാഴ്ച നൽകി, മുടന്തക്ക നടക്കാൻ ശക്തി നല്കി ബന്ധിതന്ന മോചനം നല്കി.

എന്റെ സൗഖ്യദായകനായ യേശുവേ,

ഇന്ന ഞാൻ നാനാവിധത്തിലുള്ള അവശതകളുമായി അങ്ങയുടെ സന്നിധിയിൽ നില്ക്കുന്നു, എന്റെ കഠിനമായ ഹൃദയവും അന്ധമായ ആന്തരിക നയനങ്ങളും അങ്ങുകാണുന്നു. അങ്ങിലേക്ക് അടുക്കാനാവാത്ത രീതിയിൽ ഞാൻ ബന്ധനസ്ഥനാണ്. എന്റെ കൈകാലുകൾ ഭാരമുള്ള ചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. സമാശ്വാസകനും സൗഖ്യദായകനുമായ കർത്താവേ, എല്ലാ നെടുവീർപ്പുകളും വേദനകളും അങ്ങറിയുന്നു.

അങ്ങേയ്ക്കു മാത്രമേ അവയ്ക്കെല്ലാം പരിഹാരം നല്കുവാനാവൂ. അങ്ങ് എന്റെ വൈകല്യങ്ങളെക്കുറിച്ച് സഹാനുഭൂതിയുള്ളവൻ മാത്രമല്ല, അവ പരിഹരിച്ച് എന്നെ പരിപൂർണ്ണനാക്കുന്നവനുമാകുന്നു. അങ്ങയുടെ സഹാനുഭൂതി എന്നെ പൂർണ്ണമായും ആവരണം ചെയ്യട്ടെ. അങ്ങയുടെ വിശുദ്ധിയിൽ എന്നെ മുക്കിയെടുക്കണമെ. എന്റെ പാപക്കറകളെ കഴുകി വിശുദ്ധീകരിക്കണമെ. എന്നിൽ പുതിയൊരു ശക്തി ആവസിപ്പിക്കണമെ. തന്മൂലം എല്ലാ ദൗർബല്യങ്ങളേയും അതിശയിക്കുവാൻ എനിക്കു സാധിക്കട്ടെ. അങ്ങയുടെ ക്ഷമിക്കുന്ന സ്നേഹം എന്നെ നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യട്ടെ.

## പിളർക്കപ്പെട്ട ഹൃദയം

യേശുനാഥാ,

ഹൃദയം കുന്തംകൊണ്ടു പിളർക്കപ്പെടുക ഭയാനകവും ദാരുണവുമാണെങ്കിലും അങ്ങേയ്ക്കുത്തും പ്രീതികരമായിരുന്നു.



malankaralibrary.com

ആ വേദനയും അങ്ങേയ്ക്കു മധുരമായനുഭവപ്പെട്ടു. അങ്ങിനെ ജീവൻെറ അവസാന തുള്ളിയും അങ്ങ് ഞങ്ങൾക്കു നല്കി.

ഒന്നും തനിക്കായി മാററിവയ്ക്കാതെ പരിപൂർണ്ണമായും സമർപ്പണം ചെയ്ത ആ സ്നേഹത്തിൻെറ മനോഹാരിത അങ്ങനെ കൂടുതൽ പ്രകടമായി. സ്നേഹിക്കുന്ന ഹൃദയത്തിൻെറ അഗാധത! സ്നേഹത്തിൻെറ അളവില്ലാത്ത ആവിഷ്കാരം! തുറക്കപ്പെട്ട ഈ ഹൃദയത്തിൻെറ അഗാധത അങ്ങയുടെ സ്നേഹപ്രവാഹത്തിൻെറ—പ്രസാദവരത്തിൻെറ–ശക്തിയും തേജസ്സും എനിക്കു വ്യക്തമാക്കിത്തരുന്നു.

സഹനത്തിൻെറ മാതൃകയായ യേശുവേ,

ഈ തിരുമുറിവിലൂടെ അങ്ങയുടെ ആത്മബലിയുടെ ദിവ്യാനുഗ്രഹങ്ങൾ അങ്ങ് എന്നിലേയ്ക്കു പ്രവഹിപ്പിക്കുന്നു. എൻെറ ബലിയും ഫലദായകമാകുന്നതിന് ഞാനും എൻെറ ഹൃദയം മററുള്ളവക്കായി തുറന്നുവയ്ക്കുവാൻ അങ്ങു സഹായിക്കണമെ അങ്ങയുടെ ഹൃദയം കുത്തിപിളക്കപ്പെട്ടതു് വ്യർത്ഥമാവാതിരിക്കട്ടെ. അങ്ങയുടെ പ്രസാദവരത്തോടു ചെറുത്തുനില്ക്കുവാൻ എൻെറ സ്വാതന്ത്ര്യം പരിശ്രമിക്കുമ്പോൾ അങ്ങയുടെ ഹൃദയമുറിവുകൾ എന്നെ സ്നേഹപൂർവ്വം കുററപ്പെടുത്തട്ടെ. തെററുകളിൽ നിന്നു പിന്തിരിയുവാൻ ശക്തിയായി എന്നെ പ്രേരിപ്പിക്കട്ടെ.

എന്നെ നേടുന്നതിനുവേണ്ടി, അങ്ങയുടെ സ്നേഹം എല്ലാ വിധത്തിലുമുള്ള പ്രതിബന്ധങ്ങളേയും തരണംചെയ്ത് ആ സ്നേഹപ്രവാഹത്തിൽ അനായാസം എന്നെ സംവഹിക്കുന്നു എന്നു ഞാനറിയുന്നു. നാഥാ, അങ്ങയുടെ അജയ്യമായ സ്നേഹത്തിന് എന്നേയ്ക്കും സ്തുതി!



malankaralibrary.com

# സർവ്വാശ്ലേഷിയായ സ്നേഹം

കർത്താവായ യേശുവേ,

അങ്ങയുടെ സ്നേഹം മനുഷ്യമഹാകുടുംബത്തെ ഒന്നാകെ ആശ്ലേഷിക്കുന്നു. അങ്ങ് കേന്ദ്രമായിട്ടുള്ള ഒരു സ്നേഹസമൂഹത്തിനു രൂപം കൊടുക്കുവാനുള്ള അങ്ങയുടെ അഭിലാഷം പൂർത്തിയാക്കുന്നതിന് ഇദൃശ്യമായ സ്നേഹം എനിക്കു നല്കണമെ, എല്ലാവരിലേക്കും തിരിയുന്ന എല്ലാവരേയും ഐക്യപ്പെടുത്തുന്ന ആ സ്നേഹം എത്രയോ ഉദാത്തം! സ്നേഹത്തിൻെറ ബന്ധനത്താൽ എല്ലാവരേയും ഒന്നിപ്പിക്കുന്നതിനുള്ള പരിശ്രമത്തിൽ ഏർപ്പെടുവാൻ എന്നെ നിരന്തരം ഉത്തേജിപ്പിക്കണമെ.

എന്നിൽ നിന്ന് വ്യത്യസ്തമായ സ്വഭാവമുൾക്കൊള്ളുന്നവരേയും വൈവിധ്യമാന്ന സംസ്കാരപരമ്പര്യങ്ങളിൽ കഴിയുന്നവരേയും സ്നേഹിക്കുവാനും അവരോടു സഹിഷ്ണുതയിൽ വർത്തിക്കുവാനും എന്നെ സഹായിക്കണമെ. എല്ലാവർക്കും പരസ്പരധാരണയിൽ എത്തുവാൻ സഹായിക്കുന്ന ഐക്യത്തിൻെറ മാർഗ്ഗം അങ്ങു കാണിച്ചു തരണമേ. വ്യക്തിപരതയിൽ നിന്നും, അതിരുകടന്ന സ്വദേശബോധത്തിൽ നിന്നും എന്നെ രക്ഷിക്കണമെ. ഈ ഐക്യം സാധിതമാകുന്നതിനായി എന്തു ത്യാഗവും സഹിക്കുവാൻ എന്നെ ശക്തനാക്കണമെ.

സ്നേഹനാഥാ,

സർവ്വത്രികതയുടേയും സൗഹൃദത്തിൻെറയും ചൈതന്യത്തെ അങ്ങയുടെ ഹൃദയത്തിൽനിന്നു ഞാൻ പഠിക്കട്ടെ. സഹോദരരിൽ നിന്നകററുന്ന എല്ലാററിൽനിന്നും അകലുവാൻ എനിക്കു സാധിക്കട്ടെ. ഐക്യത്തിൻെറ ആത്മാവിനെ അങ്ങു വർഷിക്കണമെ. ഒരു സൗഹൃദസമൂഹത്തെ ഞങ്ങളിൽ രൂപപ്പെടുത്തണമെ.



malankaralibrary.com

ആറ്

# സ്നേഹം–ഐക്യത്തിൻെറ ശൃംഖല

## നിറഞ്ഞ തീക്ഷ്ണത

യേശുനാഥാ,

അതിർത്തി വയ്ക്കാതെ, ആരേയും ഒഴിവാക്കാതെ, എല്ലാവരേയും സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമെ.
അങ്ങ് എല്ലാവർക്കുമായി സ്വന്തജീവൻ അർപ്പിച്ചു. അവസാനത്തുള്ളി രക്തവും ചിന്തിക്കൊണ്ട്, എല്ലാവരേയും അങ്ങേ സ്നേഹത്തിൽ ആശ്ലേഷിച്ചു. അങ്ങയുടെ ദിവ്യ മാതൃക അനുസരിച്ച് കലവറകൂടാതെ പ്രേഷിതവൃത്തിക്കായി പൂർണ്ണമായും വ്യയം ചെയ്യാൻ എനിക്കു സാധിക്കട്ടെ.
അപ്പസ്തോലവൃത്തികളിൽ 'അത്യാവശ്യം'കൊണ്ടു തൃപ്തിപ്പെടുവാൻ എന്നെ അനുവദിക്കരുതേ. അതിലൊരിക്കലും അശ്രദ്ധയും വിരസതയും എനിക്കനുഭവപ്പെടാതിരിക്കട്ടെ.
പരാജയങ്ങളോ, മററുള്ളവരിൽനിന്നുള്ള എതിർപ്പോ അപ്പസ്തോലവൃത്തികളിൽനിന്ന് എന്നെ പിൻതിരിപ്പിക്കാതിരിക്കട്ടെ.

പാവപ്പെട്ടവൻെറ വിലപനം ശ്രദ്ധിക്കാതേയും അവനെ സഹായിക്കുവാൻ സന്നദ്ധരാകാതെയും ആത്മസംതൃപ്തിയിൽ കഴിയുന്നവരിൽനിന്നും എന്നെ അകററി നിർത്തണമെ.



malankaralibrary.com

പ്രേഷിതചൈതന്യം നിറഞ്ഞ യേശുവേ,

പൂർണ്ണമായ ഹൃദയസ്വാതന്ത്ര്യത്തോടെ അപ്പസ്തോലപ്രവൃത്തികളിൽ ഏർപ്പെടുവാൻ എന്നെ സഹായിക്കണമെ.

പൂർവ്വോപരി, ഹൃദയവിശാലതയോടും സമർപ്പണബുദ്ധിയോടുംകൂടി എൻെറ കടമകൾ നിർവ്വഹിക്കുവാൻ എന്നെ പഠിപ്പിക്കണമെ.

അങ്ങയുടെ സഹായത്താൽ എൻെറ പരിശ്രമങ്ങൾ ഫലമണിയുമെന്നു പൂർണ്ണമായും വിശ്വസിച്ച്, എൻെറ പ്രേഷിതവൃത്തി എന്നിൽ നിന്നാവശ്യപ്പെടുന്ന ത്യാഗങ്ങൾ സന്തോഷപൂർവ്വം നല്കുവാൻ എന്നെ ശക്തനാക്കണമെ. പരിപൂർണ്ണമായ വിശ്വാസത്തോടും ആശ്രയബോധത്തോടുംകൂടി ഞാൻ മുന്നോട്ടു നീങ്ങട്ടെ. അങ്ങയെ അറിയുവാനും സ്നേഹിക്കുവാനും അനേകായിരങ്ങളെ പഠിപ്പിക്കുവാനുള്ള എൻെറ ദൗത്യനിർവ്വഹണത്തിൽ ഞാൻ മുഴുവനായും ദഹിച്ചു തീരട്ടെ.

## ആനന്ദനിർവൃതി

യേശുനാഥാ,

എനിക്ക് ആനന്ദം നല്കുന്നതിനായി, എൻെറ ആനന്ദം പൂർണ്ണമാക്കുന്നതിനായി അങ്ങ് പീഡകൾ സഹിച്ചു. ഞാൻ സ്വർഗ്ഗീയാനന്ദം അനുഭവിക്കുന്നതിനായി അങ്ങേ ഹൃദയം തന്നെ ചെലവഴിച്ചു.

അങ്ങു ജീവൻ കൊടുത്തു വാങ്ങിയ ഈ ആനന്ദത്തിൻെറ അമൂല്യത മനസ്സിലാക്കി മുഴുഹൃദയത്തോടെ ഞാനതിനെ പുല്കട്ടെ.



malankaralibrary.com

ആന്തരിക സന്തോഷത്താൽ എന്നെ നിറയ്ക്കണമെ. എന്റെ സന്തോഷത്തിന്റെ ഉറവിടം അങ്ങയുടെ ഹൃദയത്തിൽ ഞാൻ കണ്ടെത്തട്ടെ.

അങ്ങു നല്കുന്ന സ്നേഹവും സന്തോഷവും ഞാനെന്നും ഭദ്രമായി കാത്തു സൂക്ഷിക്കട്ടെ. അങ്ങയുടെ അനന്ത നന്മയാൽ അതെന്നിൽ നിരന്തരം വർദ്ധിക്കുവാൻ ഇടവരുത്തണമെ. അങ്ങയുടെ ദിവ്യാനന്ദം എന്റെ ആത്മബലികളിൽ ചൊരിഞ്ഞുകൊണ്ട് വിഷമഘട്ടങ്ങളിലും പരീക്ഷണകാലങ്ങളിലും അങ്ങയുടെ ആനന്ദം എന്നിൽ നിലനിർത്തണമെ.

അങ്ങയുടെ സ്നേഹം എന്റെ ശത്രുക്കളെ ഇല്ലായ്മ ചെയ്യുകയില്ലെന്നും അങ്ങയുടെ ഹൃദയം എന്നെ ആശ്വസിപ്പിക്കുവാൻ ശക്തമല്ലെന്നും ഉള്ള മൂഢചിന്തയാൽ ഞാൻ ശോകമൂകനാകുവാൻ അനുവദിക്കരുതേ. എല്ലാ പ്രതിസന്ധികളേയും അസ്വസ്ഥതകളേയും തരണം ചെയ്യുന്ന ആനന്ദത്തിന്റെ ഉറവിടം അങ്ങയുടെ സ്നേഹസാന്നിദ്ധ്യത്തിൽ ഞാൻ കണ്ടെത്തട്ടെ.

എല്ലാററിനേയും കീഴടക്കുന്ന അങ്ങേ സ്നേഹത്താൽ ഞാൻ വലയം ചെയ്യപ്പെടട്ടെ. അതെന്റെ സഹോദരങ്ങളുടെമേൽ പ്രകാശിതമാകട്ടെ.

## സമാധാനം

സമാധാന രാജാവായ യേശുവേ,

എന്റെ ഹൃദയം സമാധാന പൂർണ്ണമാകാൻ അങ്ങേ ഹൃദയത്തിന്റെ ശാന്തി എന്നിൽ വർഷിക്കണമെ. അങ്ങയുടെ



malankaralibrary.com

പ്രകാശത്താൽ എൻെറ മനസ്സിൽ ശാന്തി ചിന്തണമെ. അങ്ങയുടെ സാന്നിദ്ധ്യവും വിശ്വസ്തതയുംകൊണ്ട് എൻെറ മനസ്സിനെ ശക്തിപ്പെടുത്തണമെ.

അങ്ങേ ഹിതത്തിനു പൂർണ്ണമായും വിധേയമാക്കിക്കൊണ്ട് എൻെറ ബുദ്ധിയെ അങ്ങയുടെ ശാന്തിയിലേക്കു നയിച്ചാലും.

അങ്ങയുടെ അനന്തതയും സ്നേഹാർദ്രതയും എന്നെ പൂർണ്ണമായി അടിയറവച്ചുകൊണ്ട് അങ്ങയുടെ ഒളിമങ്ങാത്ത സൗഹൃദത്തിൽ ഞാനർപ്പിക്കുന്ന വിശ്വാസവും ആശ്രയവും എന്നെ അങ്ങേ ശാന്തിയിലേക്കു നയിക്കട്ടെ. ഞാൻ വഴി തെററിപ്പോകുമ്പോൾ അങ്ങേ ക്ഷമിക്കുന്ന സ്നേഹത്താൽ ഞാൻ ശാന്തിയനുഭവിക്കട്ടെ.

അങ്ങേ തിരുസാന്നിദ്ധ്യം കൊണ്ട് ഐക്യത്തിൻെറയും അനുരഞ്ജനത്തിൻേറയും ശാന്തി ഞാനനുഭവിക്കട്ടെ. തിന്മയുടെമേൽ വിജയം വരിക്കുന്ന അങ്ങയുടെ ശക്തിയിൽ—എപ്പോഴും എന്നോടു കൂടിയുള്ള ആ ശക്തിയിൽ— ഞാനെൻെറ ശാന്തി കണ്ടെത്തട്ടെ!

അങ്ങുമായുള്ള സൗഹൃദം നേടിത്തരുന്ന ശാന്തി—അങ്ങേ വചനത്തിൻെറയും നിശ്ശബ്ദതയുടേയും ശാന്തി—ഞാനനുഭവിക്കട്ടെ!

ഞാനങ്ങയുടേതു മാത്രമായതിനാൽ അങ്ങിൽ ജീവിക്കുവാനും മരിക്കുവാനുമുള്ള ശാന്തി എനിക്കു നല്കുക.

എൻെറ തീർത്ഥാടനത്തിൽ ഞാനനുഭവിക്കുന്ന സംഘർഷങ്ങളിൽ അവിടത്തെ ശാന്തി എന്നോടുകൂടി ഉണ്ടായിരിക്കട്ടെ. ആ ശാന്തിയിൽ ഞാൻ നിറയട്ടെ!



malankaralibrary.com

അവസാനം സ്വർഗ്ഗത്തിൽ ആ നിതാന്ത ശാന്തിയിൽ ഞാൻ പങ്കുചേരട്ടെ.

## കൃതജ്ഞത

കർത്താവായ യേശുവേ,

അങ്ങയുടെ അനന്തമായ സ്നേഹത്തിനു ഞാൻ നന്ദി പറയുന്നു. അങ്ങയുടെ തിരുഹൃദയം എനിക്കു ദാനമായി നല്കിയതിനു ഞാൻ നന്ദി പറയുന്നു. അങ്ങേ ജീവിതകാലത്തു ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ അങ്ങു വർഷിച്ച സ്നേഹത്തിനു ഞാൻ നന്ദി പറയുന്നു. എന്റെ നിത്യാനന്ദത്തിനായി വീരോചിതമായ സമർപ്പണത്തിലൂടെ അങ്ങയെത്തന്നെ എനിക്കായി ബലിയർപ്പിച്ചതിനും ഞാൻ നന്ദി പറയുന്നു.

അങ്ങ് എന്നിൽ നിരന്തരം ചൊരിഞ്ഞു കൊണ്ടിരിക്കുന്ന നിരവധിയായ ദാനങ്ങൾക്കും എന്നെ അങ്ങയുടെ സ്നേഹത്താൽ നിറയ്ക്കുന്നതിനു ചെയ്യുന്ന പരിശ്രമങ്ങൾക്കും ഞാൻ നന്ദി പറയുന്നു.

ഞാൻ അവിശ്വസ്തത കാണിക്കുമ്പോഴും മനസ്സുമടുക്കാതെ എപ്പോഴും എന്നോടു വിശ്വസ്തനായിരിക്കുന്ന അങ്ങയുടെ കരുണാർദ്ര സ്നേഹത്തിനു ഞാൻ നന്ദിപറയട്ടെ.

എനിക്കായി അങ്ങൊരുക്കിയിരിക്കുന്ന ശോഭനമായ ഭാവിക്കുവേണ്ടി, എന്നെ കാത്തിരിക്കുന്ന ആ സ്വർഗ്ഗീയ സൗഭാഗ്യത്തിനുവേണ്ടി, ഞാൻ അങ്ങയോടു നന്ദി പറയുന്നു.

യേശുവേ, നന്ദി,
യേശുവേ, സ്തോത്രം!



malankaralibrary.com

# പരിശുദ്ധ മറിയത്തിൻെറ
# വിശേഷോത്തര പ്രാർത്ഥന

എൻെറ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു.

എൻെറ ഹൃദയം എൻെറ രക്ഷകനായ
ദൈവത്തിൽ ആനന്ദിക്കുന്നു.

എന്തെന്നാൽ അവിടുന്ന് തൻെറ ദാസിയുടെ
താഴ്മയെ കടാക്ഷിച്ചു.

ഇതാ, ഇപ്പോൾ മുതൽ എല്ലാ തലമുറയും
എന്നെ അനുഗൃഹീത എന്നു പ്രകീർത്തിക്കും.

എന്തെന്നാൽ ശക്തനായവൻ എനിക്കു
വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.

അവിടുത്തെ നാമം പരിശുദ്ധമാകുന്നു.

തന്നെ ഭയപ്പെടുന്നവരുടെമേൽ അവിടുത്തെ
കാരുണ്യം തലമുറതോറും ഉണ്ടായിരിക്കും.

അവിടുന്ന് തൻെറ ഭുജംകൊണ്ട് ശക്തി പ്രകടമാക്കി.



malankaralibrary.com

ഹൃദയത്തിൽ അഹങ്കാരമുള്ളവരെ അവിടന്നു് ചിതറിച്ചു.

ശക്തരെ അവരുടെ സിംഹാസനങ്ങളിൽ
നിന്നും താഴെയിറക്കി
വിനീതരെ അവിടുന്നു് ഉയർത്തി.

വിശക്കുന്നവരെ അവിടുന്നു്
നല്ല വിഭവങ്ങൾകൊണ്ടു് സംതൃപ്തരാക്കി,
സമ്പന്നരെ വെറും കൈയായി പറഞ്ഞയച്ചു.

നമ്മുടെ പിതാക്കന്മാരായ അബ്രാഹത്തോടും
അദ്ദേഹത്തിൻെറ സന്തതികളോടും
അവിടുന്നു് എന്നേയ്ക്കുമായി അരുൾചെയ്തതുപോലെ
തൻെറ കാരുണ്യം അനുസ്മരിക്കേണ്ടതിനായി അവിടുന്നു്
തൻെറ ദാസനായ ഇസ്രായേലിനെ സഹായിച്ചു''

(ലൂക്ക 1:46—55)



malankaralibrary.com

# കരുണയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന

(കാലത്തും വൈകിട്ടും 5 മിനിട്ടുവീതം സാഷ്ടാംഗം പ്രണമിച്ച്)

കർത്താവായ ദൈവമെ ! ഞങ്ങളെ രക്ഷിക്കണമെ. അങ്ങേ മക്കളോടു കരുണ കാണിക്കണമെ. ഞങ്ങളും ഞങ്ങളുടെ മാതാപിതാക്കളും സഹോദരങ്ങളുംവഴി വന്നുപോയ പാപങ്ങളും, അപരാധങ്ങളും ക്ഷമിക്കണമെ. ഞങ്ങളെ ശിക്ഷിക്കരുതേ. ഞങ്ങളുടെ കടങ്ങൾ ഇളച്ചു തരണമെ. ഞങ്ങളെ അങ്ങയുടെ സ്വന്തമായി സ്വീകരിച്ചു അങ്ങേ അരുപിയിലൂടെ നയിക്കണമെ.

---

പുറപ്പാടു് 34:5–10; യൂദിത്ത് 6:18–19; യോന 2:1–2; മത്തായി 18:24–27; 26:37–46; മർക്കോ 11:23–26; റോമ 9:16.

malankaralibrary.com

# ആറാം പതിപ്പ്

അതിശക്തമായ ഒരാത്മീയ വിപ്ലവം നടക്കുകയാണിന്ന്; അത്ഭുതാവഹമായ വചന തരംഗങ്ങളാണെവിടെയും! എല്ലാമനുഷ്യരും, ജാതിമതഭേദം കൂടാതെ, അലഞ്ഞന്വേഷിക്കുന്നത് ദൈവത്തെയാണ്. സാക്ഷാൽ ദൈവാനുഭവത്തിനു വേണ്ടിയാണ് ഇന്നത്തെ മനുഷ്യന്റെ തെരച്ചിൽ മുഴുവൻ.

എവിടെയാണ് ദൈവത്തെക്കാണാനാവുക? എങ്ങനെയാണ് ദൈവത്തെ അനുഭവിക്കാനാവുക? ഒച്ചപ്പാടിലും ബഹളത്തിലും സ്വാർത്ഥതയിലും അന്ധവിശ്വാസാനുഷ്ഠാനങ്ങളിലും ദൈവത്തെ കണ്ടെത്താനാവുകയില്ല. കേവലം വികാരാവേശങ്ങളിലും, തീർത്തും ബൗദ്ധികമേഖലകളിലും അവിടുത്തെ കണ്ടെത്തുവാനോ ആഴമായി അനുഭവിക്കുവാനോ ആവില്ലതന്നെ. പക്ഷേ, വികാരത്തിന്റെയും വിചാരത്തിന്റെയും ചേരുംപടിയുള്ള ചേരുവയിലും, സർവ്വോപരി, ആന്തരാത്മാവിന്റെ ആത്യന്തരിക ശാന്തതയിലും അവിടുത്തെ കണ്ടെത്താനാവും.

ഇവിടെ സങ്കീർത്തകൻ പറയുന്ന, ''ശാന്തനാവുക (നിശ്ചലനാവുക) ഞാൻ ദൈവമാണെന്നറിയുക'' (സങ്കീ. 46:10) എന്ന തിരുവചനം പ്രസക്തവും സത്യവുമാവുക. ബാഹ്യാന്തര വ്യഗ്രതകളിൽ നിന്നുമാറി ശരീരത്തിന്റെ നിശ്ചലതയിലേക്കും തുടന്ന് മനസ്സിന്റെ ഏകാഗ്രതയിലേക്കും കടന്നുവരാനായാലേ ആത്മാവിന്റെ അനന്ത ശാന്തതയിലെ ദിവ്യതയെ കണ്ടെത്താനാവൂ, ദൈവത്തെ അനുഭവിക്കാനാവൂ.



malankaralibrary.com

വീണ്ടും, ''ഹൃദയശുദ്ധിയുള്ളവർക്കേ ദൈവത്തെകാണാനാവൂ'' എന്നും ദിവ്യനാഥൻ പഠിപ്പിച്ചിരിക്കുന്നു. (മത്താ 5:8). പാപത്താൽ പങ്കിലവും സ്വാർത്ഥതയാൽ സങ്കുചിതവുമായ ഒരു ഹൃദയത്തിൽ ദൈവത്തെ കണ്ടെത്താനാവില്ല തന്നെ. അതിനാൽ പശ്ചാത്താപത്താൽ പാപക്കറകൾ കഴുകിക്കളഞ്ഞു് നിർമ്മലമാക്കിയ ഒരു ഹൃദയം കാത്തുസൂക്ഷിക്കുക ആവശ്യമാണ്. പിന്നെയും, അചഞ്ചലമായ വിശ്വാസവും വിശ്വാസാധിഷ്ഠിതമായ പ്രത്യാശയും, ആഴമായ ദൈവാനുഭവത്തിനു് അത്യന്താപേക്ഷിതമായ കാര്യങ്ങൾതന്നെ. (ഹെബ്രാ.11:6;12:14 1യോഹ. 5:14,15).

അതുകൊണ്ടു്, 'സന്നിധിയിൽ', ദൈവസന്നിധിയിലേക്ക് വരാനും, തിരുസന്നിധിയിൽ ആയിരിക്കുവാനും സഹായിക്കുന്നതോടൊപ്പം, ആഴപ്പെട്ട ദൈവാനുഭവത്തിനും, പ്രാർത്ഥനാനുഭവത്തിനും വളരെയേറെ സഹായിക്കുന്നുണ്ട്. ചുരുങ്ങിയ കാലംകൊണ്ടു് ആയിരക്കണക്കിനാളുകൾ ഈ ഗ്രന്ഥം പ്രാർത്ഥന സഹായിയായി ഉപയോഗിക്കുകയും ആത്മീയജീവിതത്തിൽ സംതൃപ്തി കണ്ടെത്തുകയും ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്; ദൈവത്തിനു സ്തുതി! ഇനിയും അനേകായിരങ്ങൾക്കു് സഹായകമാകട്ടെയെന്നാശംസിക്കുന്നു; പ്രാർത്ഥിക്കുന്നു.

ജെ. പി.



malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

6 വർഷത്തിനുള്ളിൽ

6 പതിപ്പുകൾ !!

20,000 കോപ്പികൾ !!

# സന്നിധിയിൽ

**ജോസ് പാലാട്ടി സി.എം.ഐ. എം.എ.**

ആത്മാവിനെ സ്പർശിക്കുന്ന കുറേ പ്രാർത്ഥനകളുടെ സമാഹാരമാണു് ഈ കൊച്ചു പുസ്തകം. അനുഭവത്തിൻെറ മധുരിമ കലർന്നിരിക്കുന്നതുകൊണ്ടു് അപരിചിതഭയം കൂടാതെ ആർക്കും ഇതു് സ്വന്തമായി ഉപയോഗിക്കാം. യാത്രക്കിടയിലോ, ജോലിത്തിരക്കിനിടയിലോ വിചാരവിശുദ്ധി പാലിക്കാൻ ഒരു സഹായി എന്ന നിലയിൽ ഇതു പലർക്കും ഉപകാരപ്രദമാകും. രോഗത്തിലും ഏകാന്തതയിലും ചിന്ത നുറുങ്ങിപ്പോകുന്ന മാനസിക പീഡകൾക്കിടയിലും ഇതു് വലിയ ഒരു സഹായി ആയിരിക്കും. എങ്ങനെ, അ[illegible]ങ്കിൽ എന്തു പ്രാർത്ഥിക്കേണ്ടു എന്നറിയാത്ത പ്രാർത്ഥനാജീവിതത്തിലെ ആരംഭകർക്കും, അതിൽ അതിദൂരം യാത്ര ചെയ്ത ആചാര്യന്മാർക്കും ഇതു് ഓരോ വിധത്തിൽ സഹായം കൊടുക്കുന്നു.

വില 4.50

L.F.I. PRESS, THEVARA

malankaralibrary.com